# സമഷ്ടി

കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ മുഖപത്രം
ഡിസംബർ 2022 – ജനുവരി 2023



**LAUNCHING SOON IN KERALA**




## QHSE POLICY

We are engaged in Freight Management (Air Freight, Ocean Freight and Sea - Air trans shipment, Cross Border Trucking & Warehousing ), Shipment clearing and Logistics Services and committed to:

+ Deliver quality assured services at all times to meet the customer expectations + Establish QHSE objective to successfully accomplish business goals + Ensure timely delivery of services with an excellent response time to meet our business continuity plan . + Improve customer interaction and set benchmark for continual improvement + Identification and evaluation of occupational and environmental risk that arise from our work activities and establishing operational controls to eliminate or reduce up to acceptable level + Prevention of incidents, injuries, ill health and pollution + Continual improvement of our processes and systems by setting objectives, which enable customer satisfaction + Lead the employees to work as a team and create an environment to obtain better business results + Comply with applicable legal and other requirements related to our services + Identify the emergency situation and establish emergency preparedness plan + Implement risk based thinking to strengthen business continuity.

### Contact Us

**Head Office**
Speed Line LLC, P.O Box: 114901
Ras Al Khor, Indrustrial Area-2
Dubai- U.A.E

+971 4 3330686
+971 4 3330685
info@speedlinedubai.com

**Branch Office**
Fatahill Trading,
Rusayl Interchange 15,
Muscat Express Way, Behind
Knowledge Oasis Muscat,
Rusayl, Sultanate of Oman

+968 22043197
+968 24561006
info@speedlinemuscat.com

Speed Line LLC, Branch of Abu Dhabi 1
Mussafah MW4, Abu Dhabi

+971 561044400
info@speedlinedubai.com

SPEEDLINE L.L.C
سبيد لاين ش.ذ.م.م

സമഷ്ടി
കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ മുഖപത്രം
ഡിസംബർ 2022 - ജനുവരി 2023

*ചീഫ് എഡിറ്റർ*
**രാജേഷ് എം.ജി.**

*മാനേജിംഗ് എഡിറ്റർ*
**ശ്രീജിത്ത് കെ.എസ്.**

*എഡിറ്റർമാർ*
**സജികുമാർ എം.**
**സുനിൽകുമാർ സി.ആർ.**
**വിൻസെന്റ് യു.**
**ബിനു സത്യൻ എം.എസ്.**

*പത്രാധിപ സമിതി അംഗങ്ങൾ*
**അനിൽകുമാർ വി**
**ലാജി വിൽഫ്രഡ്**
**സുനിൽ സി**
**വിനു കെ എസ്**
**അസ് ലം ബി.ജെ**
**രമേഷ് കുമാർ ബി**
**ബിനു നന്ദനത്തിൽ**
**പ്രതീഷ് എം**
**ഷംസുദ്ദീൻ സിപി**
**ഹരികുമാർ കെ**
**മണിക്കുട്ടൻ എ**
**സജി കെ**
**റോയ് ജെ.ആർ**
**സന്തോഷ് പി**
**രാധാകൃഷ്ണൻ എൻ**
**ഓമനക്കുട്ടൻ ജി**
**ബിജു ബോയ്**
**മുഹമ്മദ് സലിം**
**ബിജു എസ് കെ**
**മുനീർ എ എൽ**
**സാൾട്ടർ ഐ**

***പ്രസിദ്ധീകരിക്കുന്നത്***
കേരള സെക്രട്ടേറിയറ്റ് അസോസിയേഷനു
വേണ്ടി ജനറൽ സെക്രട്ടറി
**കെ. ബിനോദ്**
*സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് മാത്രം.*

₹20

***ഡിസൈൻ, ലേ ഔട്ട്***
**ദേവ് ഗ്രാഫ്**, തിരുവനന്തപുരം
9961213370, 8075886998

*കവർ ഡിസൈൻ*
**അരുൺ വി ദേവ്,**
ദേവ് ഗ്രാഫ്

*ലേഖകരുടെ അഭിപ്രായങ്ങൾ സമഷ്ടിയുടേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും*



# സെക്രട്ടേറിയറ്റ് ജീവനക്കാരെ ബന്ധികളാക്കാനുള്ള നീക്കം ഉപേക്ഷിക്കുക

**തൊ**ഴിലാളി വർഗ സർവ്വാധിപത്യത്തെക്കുറിച്ചും അവരുടെഅവകാശങ്ങളെക്കുറിച്ചുമൊക്കെ മുക്കിനു മുക്കിനു മൈക്ക് വച്ചുകെട്ടി വാതോരാതെ മൈതാന പ്രസംഗം നടത്തുന്ന ഇടതുപക്ഷത്തിന്റെ നേതൃത്വത്തിലുള്ള ഒരു സർക്കാർ കേരളം ഭരിക്കുമ്പോൾ രാജ്യത്ത് ഒരിടത്തുമില്ലാത്ത കരിനിയമങ്ങൾ കൊണ്ടുവന്ന് ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിനെ വളരെ വികലമാക്കി മാറ്റാനാണ് ശ്രമിക്കുന്നത്. സെക്രട്ടേറിയറ്റ് ജീവനക്കാർ ജോലി ചെയ്യാത്തവരും സെക്ഷനുകളിൽ ഹാജരാകാത്തവരും ആണെന്ന് വരുത്തി തീർക്കാനാണ് ശ്രമം.

രാജ്യത്ത് തന്നെ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന സർക്കാർ ഓഫീസാണ് കേരളാ സെക്രട്ടേറിയറ്റ്. സംസ്ഥാനത്തെ മറ്റ് ഏതൊരു ഓഫീസിനെക്കാളും ഹാജർ നിലയിലും സെക്രട്ടേറിയറ്റ് ഏറെ മുന്നിലാണ്. പഞ്ചിംഗ് സംവിധാനം സ്പാർക്കുമായി ബന്ധിപ്പിച്ചതോടെ വളരെയേറെ കാര്യക്ഷമമായ അറ്റൻൻസ് മാനേജ്മെൻറ് സംവിധാനമാണ് ഇപ്പോൾ തന്നെ നിലവിലുള്ളത്. നിലവിൽ 300 മിനിട്ട് ഗ്രേസ് സമയവും ചട്ടപ്രകാരമുള്ള 45 മിനിട്ട് ലഞ്ച് ബ്രേക്കും ജീവനക്കാർക്കുണ്ട്..

അക്സസ് കൺട്രോൾ സംവിധാനം നടപ്പിലാക്കില്ലെന്ന് കരുതി സമാധാനിക്കാൻ സെക്രട്ടേറിയറ്റ് ജീവനക്കാർക്കാവില്ല. യോജിച്ച വളരെ ശക്തമായ പ്രക്ഷോഭത്തിലൂടെ മാത്രമേ സർക്കാരിന്റെ ഈ അജണ്ടയെ തിരുത്തിക്കാനാവൂ. സർക്കാർ നിർദ്ദേശത്തെ എതിർത്ത ഭരണ സംഘടനകൾ ഉൾപ്പെടെയുള്ളവർ യോജിച്ച പ്രക്ഷോഭത്തിന് തയ്യാറാകേണ്ടതുണ്ട്. അക്സസ് കൺട്രോൾ സിസ്റ്റത്തിനെതിരെ കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ സംഘടിപ്പിക്കുന്ന തുടർ പ്രക്ഷോഭങ്ങളിൽ കക്ഷിരാഷ്ട്രീയ ഭേദമെന്യേ എല്ലാ ജീവനക്കാരും അണിചേരണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം പ്രിയപ്പെട്ട സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് ക്രിസ്തുമസ്-പുതുവത്സര ആശംസകൾ നേരുന്നു.

**രാജേഷ് എം.ജി**
ചീഫ് എഡിറ്റർ

# ഉള്ളടക്കം








06 സെക്രട്ടേറിയറ്റ് മാറ്റം: കൊടിയ അഴിമതി
കെ സുധാകരൻ എം പി

08 ഇന്നാട്ടിൽ ജീവനക്കാർക്ക് ജീവിക്കണ്ടേ?
ഇർഷാദ് എം എസ്

12 ഇനിയില്ല ആ മാസ്മരിക നാദം
കെ. ബിനോദ്

14 ഡോർ പഞ്ചിംഗ് സംവിധാനം തികഞ്ഞ മനുഷ്യാവകാശ ലംഘനം
കെ. അനിൽകുമാർ കെ. എം.








16 എൻ.പി.എസ്. ഇരട്ടത്താപ്പിന്റെ മുഖം മൂടി ഊരി മാറ്റുമ്പോൾ
സതീഷ് ബി

20 പറഞ്ഞതിനേക്കാൾ ഏറേ പറയാൻ ബാക്കി വച്ച് കഥാവശേഷനായ
സതീഷ് ബാബു പയ്യന്നൂർ

22 പുഴ പറഞ്ഞത്
നന്ദനത്തിൽ ബിനുകുമാർ

23 വിപ്ലവ നവോത്ഥാനം
അരുൺ ആര്യങ്കാവ്

24 ഭാഗ്യം വിളമ്പിയ 'സിനിമാ 'തറവാട്
രാധാകൃഷ്ണൻ മാന്നനൂർ

29 താജ്മഹൽ
രമൺ ഛായയിൽ

30 ഉർവ്വരതയുടെ വർണചിത്രങ്ങൾ; മട്ടുപ്പാവിലും മനസ്സിലും
ജി.എസ്. ഉണ്ണികൃഷ്ണൻ നായർ

34 വിജയ ചന്ദ്രിക..?
വണ്ടന്നൂർ സുരേഷ്

36 ഗേൾസ് ..... ഓഷൻ ...... ആൽക്കഹോൾ..!..
ലാജി വിൽഫ്രഡ്

42 സാന്ത്വന സ്പർശനമായി രുചി ഫെസ്റ്റ്




# സെക്രട്ടേറിയറ്റ് മാറ്റം: കൊടിയ അഴിമതി

## കെ സുധാകരൻ എം പി

***കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ സംഘടിപ്പിച്ച സെക്രട്ടേറിയറ്റ് സംരക്ഷണ സദസ്സ് ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹു. കെ.പി.സി.സി. പ്രസിഡന്റ് നടത്തിയ പ്രസംഗം***

***കെ-റെയിലിന്റെ പേരിൽ കോടികളുടെ അഴിമതിയും കമ്മീഷനും പ്രതീക്ഷിച്ചവർ, അത് നടക്കാതെ വന്നപ്പോൾ സെക്രട്ടേറിയറ്റ് മാറ്റി പുതിയ ടൗൺഷിപ്പ് ഉണ്ടാക്കാമെന്ന് ഉദ്ദേശിച്ച് 2000 കോടിയുടെ പുതിയ നിർമ്മാണവും അതിലൂടെയുള്ള കമ്മീഷനുമാണ് ലക്ഷ്യമിടുന്നത്.***



സെക്രട്ടറിയേറ്റ് അനന്തപുരിയുടെ ഹൃദയഭാഗത്ത് നിന്നും മാറ്റുന്നതിന് പിന്നിൽ കൊടിയ അഴിമതിയാണെന്ന് കെ പി സി സി പ്രസിഡന്റ് കെ സുധാകരൻ എം പി. ഇത്രയേറെ അഴിമതി നടത്തിയ ഒരു മുഖ്യമന്ത്രി ഇന്ന് രാജ്യത്ത് വേറെയില്ല. സ്വർണ്ണക്കടത്തും ഡോളർ കടത്തും ഉൾപ്പെടെ നിരവധിയായ ആരോപണങ്ങൾ നേരിടുന്ന ആളാണ് ഇന്നീ മുഖ്യമന്ത്രി.

കെ റെയിലിന്റെ പേരിൽ കോടികളുടെ അഴിമതിയും കമ്മീഷനും പ്രതീക്ഷിച്ചവർ, അത് നടക്കാതെ വന്നപ്പോൾ സെക്രട്ടേറിയറ്റ് മാറ്റി പുതിയ ടൗൺഷിപ്പ് ഉണ്ടാക്കാമെന്ന് ഉദ്ദേശിച്ച് 2000 കോടിയുടെ പുതിയ നിർമ്മാണവും അതിലൂടെയുള്ള കമ്മീഷനുമാണ് ലക്ഷ്യമിടുന്നത്.

അദ്ദേഹത്തിനെതിരെ കേസുണ്ടോ കേസില്ലേ എന്നാണ് ചിലർ ചോദിക്കുന്നത്. കേസ് ഉണ്ടാകുന്നതും ഇല്ലാതാകുന്നതും രാഷ്ട്രീയ ഇടപാടുകൾ കൊണ്ടാണ്. ബിജെപിയുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ സിപിഎമ്മും സിപിഎമ്മിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ബിജെപിയും ഉള്ളടത്തോളം കാലം ഇവിടെ കേസുകൾ ഇല്ലാതിരിക്കാം. ലാവ് ലിൻ കേസിന്റെ വാദം കേൾക്കാതെ 33 തവണയാണ് മാറ്റി വെച്ചിരിക്കുന്നത്. ഇതെന്തിന് വേണ്ടി ,ആർക്കുവേണ്ടി ,വിധി പറഞ്ഞാൽ അകത്തു പോകുന്നത് കേരളത്തിൻറെ മുഖ്യമന്ത്രിയാണ് എന്നുള്ള യാഥാർത്ഥ്യം മനസ്സിലാവും. യച്ചൂരിക്ക് സാധിക്കാത്തത് മോദിയെ കൊണ്ട് സാധിക്കും, അത് സാധിപ്പിച്ചെടുക്കുന്നയാളാണ് പിണറായി വിജയൻ.

കോൺഗ്രസ് ഇല്ലാത്ത ഭാരതമാണ് ബിജെപിയുടെ ലക്ഷ്യം. കോൺഗ്രസ് ഇല്ലാത്ത കേരളമാണ് സിപിഎമ്മിന്റെ ലക്ഷ്യം. അവിടെ കോൺഗ്രസ് മുക്ത ഭാരതവും ഇവിടെ കോൺഗ്രസ് മുക്ത കേരളവും നടപ്പാക്കാൻ ഇവർ കൈകോർത്തിരിക്കുന്നു. ഈ കൊച്ചു കേരളത്തിൽ സിപിഎമ്മിന് കണ്ണും പൂട്ടി ബിജെപിയെ സഹായിക്കാനുള്ള തയ്യാറെടുപ്പാണ്.



പോലീസ് അരാജകത്വം കാരണം കേരളം ഒരു ഗുണ്ടാ സംസ്ഥാനമായി മാറിയിരിക്കുന്നു കോളേജിലെ പ്രൊഫസറെയും പ്രിൻസിപ്പാളിനെയും അടക്കം പരസ്യമായി തെറിവിളിക്കുന്ന എസ്എഫ്ഐ ഗുണ്ടകളുടെ വിളയാട്ടം ആണ് ഇവിടെ നടക്കുന്നത്. ഇവിടെ ആർക്കും സംരക്ഷണവും സുരക്ഷിതത്വവും ഇല്ലാത്ത നാടായികേരളത്തെ മാറ്റി. ഇതാണ് പിണറായി വിജയൻ സർക്കാരിന്റെ നേട്ടം

സെക്രട്ടേറിയറ്റ് നഗരഹൃദയത്തിൽ നിന്നും മാറ്റി സ്ഥാപിക്കാനുള്ള നീക്കം ഉപേക്ഷിക്കുക'

ഭരണപരിഷ്ക്കാര കമ്മീഷന്റെ സെക്രട്ടേറിയറ്റ് വിരുദ്ധ ശുപാർശകൾ തള്ളിക്കളയുക,11% ഡി.എ ഉടൻ അനുവദിക്കുക,പങ്കാളിത്ത പെൻഷൻ പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുന:സ്ഥാപിക്കുക,ലീവ് സറണ്ടർ പുന:സ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ സംഘടിപ്പിച്ച സെക്രട്ടേറിയറ്റ് സംരക്ഷണ സദസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ പ്രസിഡന്റ് ഇർഷാദ് എം എസ് അദ്ധ്യക്ഷനായിരുന്നു.

അഡ്വ അടൂർ പ്രകാശ് എം പി മുഖ്യ പ്രഭാഷണം നടത്തി.കെ പി സി സി ജനറൽ സെക്രട്ടറിമാരായ അഡ്വ മര്യാപുരം ശ്രീകുമാർ, ജി എസ് ബാബു, കെ ജയന്ത്, സെറ്റോ ചെയർമാൻ ചവറ ജയകുമാർ, അസോസിയേഷൻ ജനറൽ സെക്രട്ടറി ബിനോദ് കെ, ട്രഷറർ അനിൽകുമാർ കെ എം, ഡി അനിൽകുമാർ,എ സുധീർ, സൂസൻ ഗോപി, ഗോവിന്ദ് ജി ആർ, ലതീഷ് എസ് ധരൻ, റീജ എൻ, ജോസ് വിസി, അജേഷ്, ശ്രീജിത്ത് കെ എസ്, സുനിത എസ് ജോർജ് തുടങ്ങിയവർ സംസാരിച്ചു.



**ഇർഷാദ് എം എസ്**
പ്രസിഡന്റ്
കേരള സെക്രട്ടേറിയറ്റ്
അസോസിയേഷൻ

# ഇന്നാട്ടിൽ ജീവനക്കാർക്ക് ജീവിക്കണ്ടേ?

***ഉപ്പുതൊട്ട് കർപ്പൂരം വരെ സർവ്വതിനും തീവില എന്നത് ഇന്ന് വെറും ആലങ്കാരിക വാക്യമല്ല., മറിച്ച് പൊള്ളുന്ന യാഥാർത്ഥ്യമാണ്. വെള്ളിടിയായി പാൽ വില വർധനയും വന്നിരിക്കുന്നു. ലിറ്ററിന് ആറു രൂപയാണ് വർധിപ്പിച്ചത്. മൂന്ന് കോടി മുപ്പത്തിയഞ്ച് ലക്ഷം വരുന്ന ജനതയുടെ മേൽ തീമഴയായി പെയ്തിറങ്ങുകയാണ് ഇടതുഭരണം.***

അരി, അത്, ജയയെന്ന പേരിൽ ആന്ധ്രയിൽ നിന്നും വരുന്ന ബൊന്ദലുവിന് കിലോക്ക് 65 രൂപ. പാണ്ടി മുളകിന് 330 രൂപ.അരിയാഹാരം കഴിക്കുന്ന കേരളീയന്റെ വയറ്റത്തടിക്കുകയാണ് സംസ്ഥാനത്തെ വില നിലവാരം. വിലക്കയറ്റം കേരളജനതയുടെ നടുവൊടിച്ചിരിക്കുന്നു. കേരളം ഇന്നേവരെ കാണാത്ത വിലക്കയറ്റത്തിനാണ് സാക്ഷ്യം വഹിക്കുന്നത്. ഇന്നാട്ടിലെ അടുക്കളകളിൽ പുകയുന്നത് വീട്ടമ്മമാരുടെ വേവലാതികളാണ്. അരിയ്ക്കും പച്ചക്കറികൾക്കും പലവ്യഞ്ജനങ്ങൾക്കും കൊള്ള വിലയാണെന്നു മാത്രമല്ല, പലതിനും ക്ഷാമം കൂടി നേരിടുന്ന സാഹചര്യം നിലനിൽക്കുന്നു. മിക്ക സാധനങ്ങൾക്കും കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ 50 മുതൽ 100 ശതമാനം വരെ വിലവർധിക്കുകയുണ്ടായി.

ഉപ്പുതൊട്ട് കർപ്പൂരം വരെ സർവ്വതിനും തീവില എന്നത് ഇന്ന് വെറും ആലങ്കാരിക വാക്യമല്ല.,





മറിച്ച് പൊള്ളുന്ന യാഥാർത്ഥ്യമാണ്. വെള്ളിടിയായി പാൽ വില വർധനയും വന്നിരിക്കുന്നു. ലിറ്ററിന് ആറു രൂപയാണ് വർധിപ്പിച്ചത്. മൂന്ന് കോടി മുപ്പത്തിയഞ്ച് ലക്ഷം വരുന്ന ജനതയുടെ മേൽ തീമഴയായി പെയ്തിറങ്ങുകയാണ് ഇടതുഭരണം. എഴുപത്തിയെട്ട് മാസം ഭരണചക്രം തുടർച്ചയായി തിരിച്ചിട്ടും പ്രതിസന്ധിയും പതംപറച്ചിലും മാറിയിട്ടൊരുനാളുമില്ലെന്ന് തന്നെയാണ് അവസ്ഥ.

സുഭിക്ഷ കേരളം പദ്ധതി എവിടെ എത്തി എന്ന് ആർക്കും ഒരു എത്തുംപിടിയുമില്ല. ഓണത്തിന് ഒരു മുറം പച്ചക്കറി കേൾക്കാൻ ഇമ്പമുള്ള പ്രയോഗമായി മാത്രം അവശേഷിച്ചു. ഞങ്ങളും കൃഷിയിലേക്ക് എന്ന് ഉദ്ഘോഷിച്ചവർ ഇപ്പോൾ മൊഴിയുന്നത് കേരളത്തിന് വേണ്ടി ആന്ധ്രയിൽ പ്രത്യേകമായി കൃഷിയിറക്കും എന്നാണ്. ചിലർ വരും എല്ലാം ശരിയാകും എന്ന് പറഞ്ഞവർക്ക് ആന്ധ്രയിൽ നിന്നും ജയ അരി വരും ,അരിവില കുറയും എന്ന്

***സുഭിക്ഷ കേരളം പദ്ധതി എവിടെ എത്തി എന്ന് ആർക്കും ഒരു എത്തുംപിടിയുമില്ല. ഓണത്തിന് ഒരു മുറം പച്ചക്കറി കേൾക്കാൻ ഇമ്പമുള്ള പ്രയോഗമായി മാത്രം അവശേഷിച്ചു. ഞങ്ങളും കൃഷിയിലേക്ക് എന്ന് ഉദ്ഘോഷിച്ചവർ ഇപ്പോൾ മൊഴിയുന്നത് കേരളത്തിന് വേണ്ടി ആന്ധ്രയിൽ പ്രത്യേകമായി കൃഷിയിറക്കും എന്നാണ്.***

മാറ്റി പറയേണ്ട അവസ്ഥയിലായി.

ദുര്യോഗം എന്നല്ലാതെ മറ്റെന്താണ് പറയാൻ? വിലക്കയറ്റം വിവിധ ജനവിഭാഗങ്ങളുടെ കീശ കീറുമ്പോൾ വില നിയന്ത്രണം വെറും നോക്കുകുത്തി മാത്രമായി. ശരവേഗത്തിൽ കുതിക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വില കണ്ട് അധികാരികൾക്ക് അന്ധാളിച്ചു നിൽക്കാനേ ആവുന്നുള്ളൂ.

വിപണി ഇടപെടലിൽ ഇവർ ദയനീയ പരാജയം എന്ന് തെളിയുകയാണ്. ജനത്തെ ഞെക്കിക്കൊല്ലുന്ന വില. ആശ്വാസം 'അരിവണ്ടി' പ്രഖ്യാപനത്തിലൊതുങ്ങി. കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും നടപടികൾ വിലക്കയറ്റത്തിന്റെ രൂക്ഷത കൂട്ടുകയാണ്. ആഗോളവിപണിയിലെ വിലക്കുറവ് പോലും ഉപഭോക്താക്കൾക്ക് നൽകാതെ ഇന്ധനവിലയിൽ കൊള്ള തുടരുകയാണ് കേന്ദ്രം.ഇന്ധനവിലയിൽ അധികമായി കിട്ടിയ നികുതി വരുമാന

ത്തിന്റെ ചെറിയ ഒരംശം പോലും ജനത്തിന് കൈമാറാതെ വലയ്ക്കുകയാണ് സംസ്ഥാനം.

ജി എസ് ടി യു ടെ റിക്കാർഡ് വരുമാനത്തിന്റെ പേരിൽ ഊറ്റം കൊള്ളുമ്പോൾ ഈ രണ്ടു കൂട്ടരും വിസ്മരിക്കുന്നത് പൊതുജനത്തിന്റെ വേദനയാണ്. ''ഗബ്ബാർ സിംഗ് ടാക്സ്' അക്ഷരാർത്ഥത്തിൽ അന്വർത്ഥമായ പ്രയോഗമായിരിക്കുന്നു. അതിനെ അനുകൂലിച്ചവരും അരിക്ക് പോലും അതേർപ്പെടുത്താൻ മൗനം കൊണ്ട് സമ്മതം മൂളിയവരുമാണ് ഇന്നത്തെ ദു:സ്ഥിതിക്ക് ഉത്തരവാദികൾ.

കഴിഞ്ഞ രണ്ട് വർഷത്തെ നാലു ഗഡു ഡി എ ജീവനക്കാർക്ക് നിഷേധിച്ചത് കുടുംബ ബജറ്റ് താളം തെറ്റിക്കുകയും ചെയ്തിരിക്കുന്നു. 11% ഡി എ ആണ് കുടിശ്ശിക. ജീവനക്കാർക്ക് ശമ്പളനഷ്ടം പ്രതിമാസം 2530 രൂപ മുതൽ 18348 രൂപ വരെയാണ്.ലക്ഷക്കണക്കിന് രൂപ ജീവനക്കാർക്ക് ഈ യിനത്തിൽ നഷ്ടപ്പെട്ട് കഴിഞ്ഞു. അഖിലേന്ത്യ സർവീസുകാർക്കും ജുഡീഷ്യൽ സ്റ്റാഫിനും ഡി എ അനുവദിക്കുന്നതിന് അമാന്തം കാട്ടാത്ത സർക്കാർ, മറ്റ് ജീവനക്കാർ വിലക്കയറ്റത്തിൽ പെട്ട് നട്ടംതിരിഞ്ഞോട്ടെ എന്ന നിലപാടിലാണ്. ഇവിടെ ഇന്നാട്ടിൽ ജീവനക്കാർക്ക് ജീവിക്കണ്ടേ???

കാലണ കയ്യിലില്ലാതെ കേരള ഖജനാവ് കാലിയായതിന്റെ ഉത്തരവാദിത്തം ആർക്കാണ്? ജീവനക്കാർക്കോ? അതോ ധൂർത്തും കെടുകാര്യസ്ഥതയും അലങ്കാരമാക്കിയ ഭരണാലയത്തിലെ സചിവർക്കോ?

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ നാഥനില്ലാ കളരികളാക്കാനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചത് ഇടതുഭരണമാണ്.യു ജി സി നിയമങ്ങളും ചട്ടങ്ങളും മറികടന്ന് വേണ്ടപ്പെട്ടവരെ താക്കോൽ സ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചും അധ്യാപക തസ്തികകളിൽ ബന്ധുക്കളെ തിരുകിക്കയറ്റിയും ആന ചവിട്ടിമെതിച്ച കരിമ്പിൻതോട്ടത്തിന്റെ പരുവത്തിലാക്കിയ ഉത്തരവാദിത്തത്തിൽ നിന്നും അവർക്ക് ഒഴിഞ്ഞുമാറാനാകില്ല. വിലക്കയറ്റവും ക്രമസമാധാന തകർച്ചയും അഴിമതിയും അരങ്ങുവാഴുമ്പോൾ ജനശ്രദ്ധ തിരിച്ചുവിടാനായി നടത്തുന്ന ചക്കളത്തിപ്പോരാട്ടങ്ങളെ ജനങ്ങളും ജീവനക്കാരും നന്നായി തിരിച്ചറിയുന്നുണ്ട്. ജനകീയ പ്രശ്നങ്ങളിൽ സർക്കാർ പ്രതിരോധത്തിലാകുമ്പോൾ പൊട്ടിവരുന്ന ഗവർണർ വിരോധം ആർക്കാണ് മനസ്സിലാകാത്തത്?

വിലക്കയറ്റം പൊറുതിമുട്ടിച്ച ജീവനക്കാരന് മുന്നിൽ സെക്രട്ടേറിയറ്റിൽ കവാടങ്ങളായ കവാടങ്ങളിലൊക്കെ ബാരിയറുകൾ സ്ഥാപിച്ച് സ്വാഗതമോതികഴിഞ്ഞിരിക്കുന്നു! സെൽഭരണത്തിന്റെ വക്താക്കൾ ജീവനക്കാരെ



***സംസ്ഥാനത്തെ അഞ്ചു ലക്ഷത്തിലധികം വരുന്ന സർക്കാർ ജീവനക്കാരിൽ അയ്യായിരം തികച്ചില്ലാത്ത സെക്രട്ടേറിയറ്റിലെ ജീവനക്കാരെ തടവിലിടാനാണോ ഇവരുടെ നീക്കം. സംസ്ഥാനത്തെ പകുതി സർക്കാർ ആഫീസുകളിൽ പോലും പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.***




സെല്ലിലടക്കാനും ജനങ്ങളെ അകറ്റി നിർത്താനും നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങൾക്കാണ് മൂർത്തരൂപം കൈവന്നിരിക്കുന്നത്. സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് ദേശാഭിമാനി വരിസംഖ്യ കുടിശ്ശികയില്ലാതൊടുക്കിയതിന് നൽകുന്ന സമ്മാനമത്രേ ഈ അക്സസ് കൺട്രോൾ സംവിധാനം!

സംസ്ഥാനത്തെ അഞ്ചു ലക്ഷത്തിലധികം വരുന്ന സർക്കാർ ജീവനക്കാരിൽ അയ്യായിരം തികച്ചില്ലാത്ത സെക്രട്ടേറിയറ്റിലെ ജീവനക്കാരെ തടവിലിടാനാണോ ഇവരുടെ നീക്കം. സംസ്ഥാനത്തെ പകുതി സർക്കാർ ആഫീസുകളിൽ പോലും പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഹാജരും ശമ്പളവും സ്പാർക്കുമായി സംയോജിപ്പിച്ച ഏക സർക്കാർ ഓഫീസ് എന്ന സവിശേഷതയും സെക്രട്ടേറിയറ്റിന് മാത്രം. അങ്ങനെയുള്ള സാഹചര്യത്തിൽ അക്സസ് കൺട്രോൾ സിസ്റ്റം സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തിക്കൊണ്ട് എന്ത് സന്ദേശമാണ് സർക്കാർ പുറമേക്ക് നൽകുന്നത്? . സെക്രട്ടേറിയറ്റ് ജീവനക്കാരെ അപമാനിക്കുംവണ്ണമുള്ള വാർത്തകളാണ് അതിനോടനുബന്ധിച്ച് പുറത്തുവരുന്നത്. പൊതുജനങ്ങൾക്കുള്ള അക്സസ് ആണ് പ്രശ്നമെങ്കിൽ സുശക്തമായ സുരക്ഷാ സംവിധാനം നിലവിലുണ്ടല്ലോ. പോരാത്തതിന് പ്രത്യേക സുരക്ഷയുടെ പേരിൽ എസ് ഐ എസ് എഫിനെ ഇറക്കുമതിയും നടത്തിയിട്ടുണ്ടല്ലോ.ഇതിന്റെ പേരിൽ ജീവനക്കാരുടെ സംഘടനകളുമായി എന്ത് കൂടിയാലോചനകളാണ് സർക്കാർ നടത്തിയത് ? അതോ ഭരണരഥമുരുട്ടി സെക്രട്ടേറിയറ്റ് ജീവനക്കാരന്റെ മനോവീര്യം തകർക്കാമെന്നാണോ ഇവർ കരുതിയിരിക്കുന്നത്? അക്സസ് കൺട്രോളിൽ ആദ്യം ആശങ്ക പ്രകടിപ്പിച്ച ഇടതു സംഘത്തെ പിന്നെ സെക്രട്ടേറിയറ്റിൽ മഷിയിട്ട് നോക്കിയിട്ട് പോലും കണ്ടിട്ടില്ല. സെക്രട്ടേറിയറ്റിനെ അനന്തപുരിയുടെ ഹൃദയഭാഗത്ത് നിന്നും കാര്യവട്ടത്തേക്കോ കൊച്ചുവേളിയിലേക്കോ മാറ്റിസ്ഥാപിക്കാനുള്ള നീക്കത്തിനും ഗതിവേഗം പ്രാപിക്കുകയാണ്. തസ്തികകൾ അരിഞ്ഞു വീഴ്ത്താൻ അഞ്ചംഗ സമിതി ആയുധങ്ങൾക്ക് മൂർച്ച കൂട്ടുകയാണ്. ലീവ് സറണ്ടർ പുന:സ്ഥാപിക്കണമെന്ന ആവശ്യം മുൻനിർത്തിയുള്ള പ്രക്ഷോഭം ശക്തിപ്രാപിക്കുമ്പോൾ കുട്ടിസഖാക്കളിൽ നിന്നും ഉയരുന്നത് ദൈന്യമാർന്ന മുരളലുകൾ മാത്രം.

നാലു ഗഡു ഡി എ അനുവദിക്കുക, ലീവ് സറണ്ടർ പുന:സ്ഥാപിക്കുക, പങ്കാളിത്ത പെൻഷൻ പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുക, സെക്രട്ടേറിയറ്റ് നഗരഹൃദയത്തിൽ നിന്നും മാറ്റി സ്ഥാപിക്കാനുള്ള നീക്കം ഉപേക്ഷിക്കുക, ഭരണ പരിഷ്ക്കാര കമ്മീഷന്റെ സെക്രട്ടേറിയറ്റ് വിരുദ്ധ ശുപാർശകൾ തള്ളിക്കളയുക, മെഡിസെപ്പ് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ പ്രക്ഷോഭത്തിന്റെ പാതയിലാണ്. അതിന്റെ ഭാഗമായി വിളിച്ചുണർത്തൽ സമരം, കൂട്ട ഉപവാസം, കൂട്ടനിവേദന സമർപ്പണം, ദീപപ്രതിജ്ഞ, പ്രതീകാത്മക നാടുകടത്തൽ, സെക്രട്ടേറിയറ്റ് സംരക്ഷണ സദസ്സ് തുടങ്ങിയവയൊക്കെ സംഘടിപ്പിക്കുകയുണ്ടായി.അവയെല്ലാം തന്നെ സജീവമായ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു.തുടർ പ്രക്ഷോഭങ്ങളിലും എല്ലാ സെക്രട്ടേറിയറ്റ് ജീവനക്കാരുടെയും സജീവമായ പങ്കാളിത്തവും സഹകരണവും അഭ്യർത്ഥിക്കുന്നു.

ലേഖനം



**കെ. ബിനോദ്**
ജനറൽ സെക്രട്ടറി
കേരള സെക്രട്ടേറിയറ്റ്
അസോസിയേഷൻ

# ഇനിയില്ല ആ മാസ്മരിക നാദം



***ഫയലെഴുതുന്ന ജീവനക്കാരുടെ ആശയ ആവിഷ്കാരം പ്രായോഗിക തലത്തിൽ എത്തിച്ചിരുന്നത് ഈ ടൈപ്പിസ്റ്റ് ജീവനക്കാരായിരുന്നു. ഗുമസ്തൻമാർ തയ്യാറാക്കുന്ന കുറിപ്പുകളിലെ ചുരുക്കെഴുത്തുകൾ വികസിപ്പിച്ചും വാകൃങ്ങളുടെ ഘടനയും പഞ്ചുവേഷനും കുറ്റമറ്റതാക്കിയും, ഒരുപരിധിവരെ, വാകൃങ്ങളിലെ തെറ്റുതിരുത്തി ആശയവിനിമയം സുഗമമാക്കുകയുമായിരുന്നു ടൈപ്പിസ്റ്റ് ജീവനക്കാരുടെ കർത്തവ്യം.***

തിങ്കളാഴ്ചകളിൽ രാവിലെ പത്തുമണിയോടടുക്കുമ്പോൾ, മാന്യമായി വസ്ത്രധാരണം ചെയ്ത ഒരു ജീവനക്കാരൻ ഓഫീസിലെ കസേരയിൽ ഉപവിഷ്ടനാകുന്നു. തുടർന്ന്, മുന്നിലുള്ള മേശവലിപ്പ് തുറന്ന് ഒരു ക്ലീനിങ് ബ്രഷും ചെറിയൊരു തൂവാലയും പുറത്തേക്കെടുക്കുന്നു. ബ്രഷുകൊണ്ട് മുന്നിലിരിക്കുന്ന ടൈപ്പ്റൈറ്റർ മെഷീനിന്റെ കീബോർഡിലെ പൊടിപടലങ്ങൾ തൂത്തുകളഞ്ഞ് കീബോർഡും പ്ലാറ്റനും ഉൾപ്പെടെയുള്ള യന്ത്രഭാഗങ്ങൾ തൂവാല ഉപയോഗിച്ച് തുടച്ചുവൃത്തിയാക്കുന്നു. ശേഷം, ടൈപ്പ്റൈറ്ററിലെ പ്ലാറ്റൻ നോബ് ചെറുതായൊന്ന് തിരിച്ച് പേപ്പർ ലോഡ് ചെയ്യുന്നു. പഴയതും പുതിയതുമായ കാർബൺ പേപ്പറുകൾ ടൈപ്പിംഗ് പേപ്പറുകൾക്കിടയിൽ തിരുകിവച്ച് പ്ലാറ്റൻ നോബ് ഒന്നുകൂടി റോൾ ചെയ്യുകയും ക്യാരേജ് റിലീസ് ലിവറിൽ വിരലമർത്തി പേപ്പറിന്റെ ലെവൽ ശരിയാക്കുകയും ചെയ്യുന്നു. തുടർന്ന്, ടൈപ്പ്റൈറ്റിംഗ് മെ

ഷീനിൽ ഒന്നുതൊട്ടുനമസ്കരിച്ച്, ഫയൽ തുറന്ന്, ഡ്രാഫ്റ്റിന്റെ മാറ്റർ നോക്കി ടൈപ്പിംഗ് പ്രക്രിയ ആരംഭിക്കുന്നു.

ഇന്നത്തെപ്പോലെ, ക്യുബിക്കിൾ അടിച്ച് ജീവനക്കാരെ വേർതിരിക്കാതിരുന്ന ഓഫീസ് മുറികളിൽനിന്ന് തുടർന്ന് കേട്ടിരുന്നത് താളനിബന്ധമായ മാസ്മരിക നാദം. ഡ്രം സെറ്റിലെ സ്പ്ലാഷ് സിമ്പലിൽ, ഇടയ്ക്കിടെ, ഡ്രംസ്റ്റിക് പതിപ്പിക്കുമ്പോൾ ഉണ്ടാകുന്നതുപോലെ, ക്യാരേജ് റിട്ടേൺ ലിവർ തള്ളിമാറ്റുമ്പോഴുണ്ടാക്കുന്ന സ്വരം മുറിയാകെ മുഴങ്ങിക്കേട്ടിരുന്നു. ഈ താളലയ ശബ്ദഘോഷം ഓഫീസിലെ എല്ലാ വിഭാഗം ജീവനക്കാർക്കും അവരവരുടെ ജോലി നിർവ്വഹിക്കാൻ ഊർജ്ജവും ഉത്തേജനവും നല്കിയിരുന്നു.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കകാലംവരെ, ശരാശരി, സർക്കാർ ഓഫീസുകളെ ടൈപ്പ് റൈറ്ററുകളുടെ മാസ്മരിക ശബ്ദഘോഷംകൊണ്ട് മുഖരിതമാക്കിയ ടൈപ്പിസ്റ്റ് ജീവനക്കാരെ കുറിച്ചാണ് മുകളിൽസൂചിപ്പിച്ചത്.

ഫയലെഴുതുന്ന ജീവനക്കാരുടെ ആശയ ആവിഷ്കാരം പ്രായോഗിക തലത്തിൽ എത്തിച്ചിരുന്നത് ഈ ടൈപ്പിസ്റ്റ് ജീവനക്കാരായിരുന്നു. ഗുമസ്തൻമാർ തയ്യാറാക്കുന്ന കുറിപ്പുകളിലെ ചുരുക്കെഴുത്തുകൾ വികസിപ്പിച്ചും

> ***ഒരു ടൈപ്പിസ്റ്റിൽ നിക്ഷിപ്തമായ ജോലി ഫെയർ കോപ്പിയിംഗ് എന്നതായിരുന്നു. അതായത്, ഒരു ടൈപ്പിസ്റ്റിന്റെ ജോലി ഒരു സ്പെഷ്യലിസ്റ്റിന്റെ ജോലിയായിരുന്നുവെന്ന് സാരം.***

വാക്യങ്ങളുടെ ഘടനയും പഞ്ചുവേഷനും കുറ്റമറ്റതാക്കിയും, ഒരുപരിധിവരെ, വാക്യങ്ങളിലെ തെറ്റുതിരുത്തി ആശയവിനിമയം സുഗമമാക്കുകയുമായിരുന്നു ടൈപ്പിസ്റ്റ് ജീവനക്കാരുടെ കർത്തവ്യം. സെക്ഷനുകളിൽ സ്വന്തമായൊരു ഡിക്ഷ്ണറി സൂക്ഷിച്ച്, ഭാഷയുടെ കാര്യത്തിൽ, വിശിഷ്യ, ആംഗലേയ ഭാഷയുടെ കാര്യത്തിൽ ആശയവിനിമയത്തിന് പൂർണ്ണത കൈവരിക്കുന്നതിന് ടൈപ്പിസ്റ്റ് ജീവനക്കാർ ചെയ്തിരുന്ന സേവനം ശ്ലാഘനീയമായിരുന്നു.

ഈ നൂറ്റാണ്ടിൻറെ ആരംഭത്തോടുകൂടി പേഴ്സണൽ കമ്പ്യൂട്ടർ ഒരു ഗ്ലോറിഫൈഡ് ടൈപ്പ്റൈറ്ററുടെ റോൾ ഏറ്റെടുത്തതോടെയാണ് കാര്യങ്ങൾ കീഴ്മേൽ മറിഞ്ഞത്. എഡിറ്റിങ്ങിന് കൂടുതൽ സൗകര്യങ്ങൾ ലഭ്യമായ കമ്പ്യൂട്ടറിൽ, തസ്തിക വ്യത്യാസം കൂടാതെ, ജീവനക്കാർ കീ ബോർഡ് നോക്കി ടൈപ്പിംഗ് ആരംഭിച്ചതോടെയാണ്

ഒരു സ്കിൽഡ് ജോലിയായിരുന്ന ടൈപ്പിംഗിന്റെ അന്തസ്സത്ത നഷ്ടപ്പെട്ടുതുടങ്ങിയത്. തുടർന്ന്, കേരളത്തിലങ്ങോളമിങ്ങോളം ആയിരക്കണക്കിന് ടൈപ്പിസ്റ്റ് തസ്തികകൾ നിർത്തൽ ചെയ്യപ്പെടുകയോ പുനർവിന്യാസം ചെയ്യപ്പെടുകയോയുണ്ടായി. സെക്രട്ടേറിയറ്റിൽ ടൈപ്പിസ്റ്റ് തസ്തിക കമ്പ്യൂട്ടർ അസിസ്റ്റൻറ് എന്ന ആകർഷകമായ പേരിൽ പുനർനാമകരണം ചെയ്യപ്പെട്ടുവെങ്കിലും മറിച്ചായിരുന്നില്ല വിധി.

ഒരു ടൈപ്പിസ്റ്റിൽ നിക്ഷിപ്തമായ ജോലി ഫെയർ കോപ്പിയിംഗ് എന്നതായിരുന്നു. അതായത്, ഒരു ടൈപ്പിസ്റ്റിന്റെ ജോലി ഒരു സ്പെഷ്യലിസ്റ്റിന്റെ ജോലിയായിരുന്നുവെന്ന് സാരം.

സർക്കാരിന്റെ ഭരണപരമായ വിഷയങ്ങളിൽ എഴുത്തുകുത്തുകൾ തയ്യാറാക്കുമ്പോൾ അതിൻറെ ഫോർമാറ്റും പഞ്ചുവേഷനും കൃത്യതയോടെ ചെയ്യുന്ന ടൈപ്പിസ്റ്റ്മാരെ ഒഴിവാക്കി ഇക്കാര്യത്തിൽ വേണ്ടത്ര നൈപുണ്യമില്ലാത്ത ജീവനക്കാരെ ടൈപ്പിംഗ് ജോലികൂടി ഏൽപ്പിക്കുന്നത് പടവു നടത്തുന്ന മേസ്തിരിയെ പെയിന്റിങ്ങിന്റെ ജോലികൂടി ഏൽപ്പിക്കുന്നതിന് സമാനമാണ്.

ടൈപ്പിംഗ് തസ്തികകൾ വെട്ടിയരിയാനും അവശേഷിച്ച ജീവനക്കാരെ പുനർ വിന്യസിക്കാനും തയ്യാറെടുക്കുന്ന സർക്കാർ, ഒരു സ്പെഷ്യലിസ്റ്റ് വിഭാഗത്തെയാണ് ഇല്ലാതാക്കുന്നതെന്ന യാഥാർത്ഥ്യം ഓർമ്മിക്കുന്നത് നന്നായിരിക്കും.



ലേഖനം



**അനിൽകുമാർ കെ. എം.**
ട്രഷറർ,
കേരള സെക്രട്ടേറിയറ്റ്
അസോസിയേഷൻ

# ഡോർ പഞ്ചിംഗ് സംവിധാനം തികഞ്ഞ **മനുഷ്യാവകാശ ലംഘനം**

***പ്രമേഹരോഗികളുടെ അവസ്ഥയാണ് ഏറെ പരിതാപകരം. കൂടെക്കൂടെ ടോയ്‌ലറ്റിൽ പോകേണ്ടവർക്കു പോലും അത് കഴിയാതെ വരും. ഫ്ലാപ്പ് ബാരിയറിനാൽ കൊട്ടിയടക്കപ്പെട്ട ബ്ലോക്കുകളിൽ പലതിലും ടോയ്‌ലറ്റ് സൗകര്യം പോലുമില്ല . ഇക്കാര്യത്തിൽ വനിതകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പോലും സർക്കാർ പരിഗണിക്കുന്നതേയില്ല. ദിവസേന ആർജ്ജിക്കുന്ന ഗ്രേസ് സമയത്തിന് 2 മണിക്കൂർ പരിധി സർക്കാർ നിശ്ചയിച്ചിരിക്കുന്നത് നീതികേടാണ്.***

സെക്രട്ടേറിയറ്റിൽ സർക്കാർ സ്ഥാപിക്കുന്ന ആക്സസ് കൺട്രോൾ സിസ്റ്റം ജീവനക്കാരിൽ ഒട്ടനവധി മനുഷ്യാവകാശ ധ്വംസനങ്ങളും പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്.

ആയതിനാൽ,'അക്സസ് കൺട്രോൾ'-ന്റെ പേരുപറഞ്ഞ് , സെക്രട്ടേറിയറ്റിലെ എല്ലാ ബ്ലോക്കുകളിലും ഫ്ലാപ്പ് ബാരിയറുകളും ഇരുമ്പഴികളും സ്ഥാപിച്ച് ജീവനക്കാരുടെ ചലന സ്വാതന്ത്ര്യം തടയാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. നിലവിലുള്ള ചട്ടങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള 300 മിനിട്ട് ഗ്രേസ് സമയം 75 മിനിറ്റായി പരിമിതപ്പെടുത്താനുമുള്ള നീക്കമാണ് നടന്നുകൊണ്ടിരിക്കുന്നത്. അനുവദിക്കപ്പെട്ടിട്ടുള്ള 45 മിനിറ്റ് ലഞ്ച് ബ്രേക്ക് പോലും ഇല്ലാതാക്കുവാനുള്ള ഉദ്ദേശ്യലക്ഷ്യമാണ് സർക്കാരിനുള്ളതെന്ന് , സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ കരടിൽ നിന്നും, വ്യക്തമാണ്.

ആക്സസ് കൺട്രോൾ സിസ്റ്റത്തെ സംബന്ധിച്ച് പുറപ്പെടുവിക്കപ്പെട്ട കരട് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, സെക്രട്ടേറിയറ്റിലെ സൗത്ത് ബ്ലോക്കിൽ നിന്നും രണ്ടാം അനക്സിലേക്ക് പോയി പത്തു മിനിട്ടിനുള്ളിൽ തിരിച്ചെത്തുക അമാനുഷികമാണ്. ഇതുകൂടാതെ, ഇതിനിടയിൽ കടന്നു പോകേണ്ട ഫ്ലാപ്പ് ബാരിയറുകളിലെ പഞ്ച് ഇൻ പഞ്ച് ഔട്ട് സൃഷ്ടിക്കുന്ന ആശയക്കുഴപ്പം വേറെയാണ്. ഉദാഹരണത്തിന്, സൗത്ത് ബ്ലോക്കിലെ ഒന്നാം നിലയിലെ ലേബർ വകുപ്പിൽ നിന്നൊരാൾ' രണ്ടാം അനക്സിലേക്ക് പോകുന്ന സാഹചര്യം ഇപ്രകാരമാണ് :

അതേ നിലയിലെ സൗത്ത് സാൻഡ് വിച്ച് ബ്ലോക്കിലേക്കുള്ള ബാരിയറിലെ പഞ്ച് ഔട്ട് ലൈബ്രറിയിലേക്കുള്ള പടിയിറങ്ങി നിയമവകുപ്പിന് സമീപമുള്ള ബാരിയറിൽ പഞ്ച് ഇൻ തുടർന്ന് , പൊതുഭരണ ഓഫീസ് സെക്ഷനു സമീപം അക്കൗണ്ട്സ് പാതയിൽ പഞ്ച് ഔട്ട് ചീഫ് സെക്രട്ടറിയുടെ മുറിക്ക് താഴെ പഞ്ച് ഇൻ സന്ദർശക സഹായ കേന്ദ്രത്തിൽ നിന്നും പഞ്ച് ഔട്ട് രണ്ടാം അനക്സിൽ കയറാൻ പഞ്ച് ഇൻ. അങ്ങനെ, ആകെ ആറെണ്ണം. തിരിച്ചും കൂടിയായാൽ ആകെ പന്ത്രണ്ട്. ഇത് അപ്രായോഗികവും അമാനുഷികവുമാണ്. കൂടാതെ ,

ആക്സസ് കൺട്രോൾ നിയന്ത്രണ സംവിധാനം സെക്രട്ടേറിയറ്റ് ജീവനക്കാരിൽ സൃഷ്ടിക്കാൻ പോകുന്ന ആരോഗ്യപ്രശ്നങ്ങൾ വലിയ ഉത്കണ്ഠ ഉളവാക്കുന്നതാണ്. ഇപ്പോൾത്തന്നെ ഇ ഓഫീസ് സംവിധാനം സൃഷ്ടിക്കുന്ന



അസുഖങ്ങൾ അനവധിയാണ്. സെക്ഷനിൽ തന്നെ തളച്ചിടുമ്പോൾ അവ തീവ്രമാകുമെന്ന കാര്യം സർക്കാർ പരിഗണിക്കുന്നില്ല. വിഖ്യാതമായ ' മയോ ക്ലിനിക്കിൽ നടത്തിയ ഗവേഷണ ഫലങ്ങൾ പ്രതിപാദിക്കുന്നത്. താഴെപ്പറയും പ്രകാരമാണ് :

‘ When you sit , you use less energy than you do when you stand or move . Research has linked sitting for long periods of time with a number of health concerns . They include obesity and a cluster of conditions- increased blood pressure , high blood sugar , excess body fat around the waist and unhealthy cholesterol levels that make up metabolic syndrome . Too much sitting overall and prolonged periods of sitting also seem to increase the risk of death from cardiovascular disease and cancer . Any extended sitting- such as at a desk , behind a wheel or in front of a screen- can be harmful . "

പഠനങ്ങൾ സൂചിപ്പിക്കുന്ന വസ്തുത ഇതായിരിക്കെ , ഇത്തരം മനുഷ്യാവകാശ ധ്വംസനങ്ങൾ സർക്കാർ നടത്തുന്നത് ഒട്ടും ഉചിതമല്ല. പ്രമേഹരോഗികളുടെ അവസ്ഥയാണ് ഏറെ പരിതാപകരം. കൂടെക്കൂടെ ടോയ്‌ലറ്റിൽ പോകേണ്ടവർക്കുപോലും അത് കഴിയാതെ വരും. ഫ്ലാപ്പ് ബാരിയറിനാൽ കൊട്ടിയടക്കപ്പെട്ട ബ്ലോക്കുകളിൽ പലതിലും ടോയ്‌ലറ്റ് സൗകര്യം പോലുമില്ല . ഇക്കാര്യത്തിൽ വനിതകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പോലും സർക്കാർ പരിഗണിക്കുന്നതേയില്ല. ദിവസേന ആർജ്ജിക്കുന്ന ഗ്രേസ് സമയത്തിന് 2 മണിക്കൂർ പരിധി സർക്കാർ നിശ്ചയിച്ചിരിക്കുന്നത് നീതികേടാണ്. ഉച്ചഭക്ഷണ സമയമുൾപ്പെടെ 2.15 മണിക്കൂർ കഴിഞ്ഞാൽ (യഥാർത്ഥത്തിൽ ഒന്നര മണിക്കൂർ) അര അവധിയും 4 മണിക്കൂർ കഴിഞ്ഞാൽ (യഥാർത്ഥത്തിൽ 3.15 മണിക്കൂർ) മുഴുദിന അവധിയും നഷ്ടപ്പെടുമെന്നാണ് നിർദ്ദേശം. ആർജ്ജിക്കുന്ന ഗ്രേസ് സമയത്തിന് പരിധി നിശ്ചയിച്ച്, പത്ത് മണിക്കൂർ പൂർത്തിയാക്കിയാൽ മാത്രം ഒരു കോമ്പൻസേഷൻ ലീവ് അനുവദിക്കുമ്പോൾ, മൂന്നേകാൽ മണിക്കൂറിന് ഒരു ലീവ് കുറയ്ക്കുന്നത് നീതി നിഷേധമാണ്.

ഉച്ചഭക്ഷണത്തിന് നിശ്ചയിച്ചിട്ടുള്ള സമയത്ത് സെക്രട്ടേറിയറ്റ് കാന്റീനിലൊ കോഫീ ഹൗസിലൊ വളരെക്കുറച്ചുപേരെ മാത്രമേ ഉൾക്കൊള്ളാനാകൂ. അതിനാൽ മിക്ക ജീവനക്കാർക്കും ഉച്ചഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യംപോലും നിഷേധിക്കപ്പെടുന്ന അവസ്ഥാവിശേഷം സംജാതമാണ്. ഭിന്നശേഷിക്കാരായ ജീവനക്കാരെ ഈ സംവിധാനത്തിൽനിന്ന് ഒഴിവാക്കിയിട്ടില്ല. അതിനാൽ ഭിന്നശേഷിക്കാരായ ജീവനക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, അക്സസ് കൺട്രോൾ സിസ്റ്റം നടപ്പാക്കുന്നതോടെ, ഗുരുതരമാകും. അക്സസ് കൺട്രോൾ സംവിധാനത്തെക്കുറിച്ച്, 09.12.2022 – ന്, ചീഫ് സെക്രട്ടറി വിളിച്ചു ചേർത്ത യോഗത്തിൽ സെക്രട്ടേറിയറ്റ് ജീവനക്കാരിൽ 99.99 % പേരും ആത്മാർത്ഥതയും സത്യസന്ധതയും കാര്യക്ഷമതയും കൈമുതലായുള്ളവരാണെന്ന് ചീഫ് സെക്രട്ടറി തുറന്ന് സമ്മതിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ, ഓഫീസ് സമയത്ത് ജീവനക്കാരുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നതിന് കാര്യക്ഷമമായ സംവിധാനങ്ങൾ ഇപ്പോൽത്തന്നെ നിലവിലുണ്ടെന്നിരിക്കേ, ആക്സസ് കൺട്രോൾ സിസ്റ്റം സ്ഥാപിക്കുന്നതിലൂടെ സെക്രട്ടേറിയറ്റ് ജീവനക്കാർക്കെതിരെ നടപ്പാക്കാൻ പോകുന്ന മനുഷ്യാവകശ ധ്വംസനങ്ങൾ നിയമ നടപടികളിലൂടെ ഇല്ലായ്മ ചെയ്യാൻ കേരളാ സെക്രട്ടേറിയറ്റ് അസോസിയേഷനോടൊപ്പം സെക്രട്ടേറിയറ്റ് സമൂഹം ഒന്നടങ്കം സംഘടനാ വ്യത്യാസമില്ലാതെ അണിചേരാൻ തയ്യാറാകണം എന്നത് കാലത്തിന്റെ അനിവാര്യതയാണെന്ന് ഓർമ്മിപ്പിക്കുന്നു.

ലേഖനം




**സതീഷ് ബി**
നിർവ്വാഹക സമിതി അംഗം
കേരള സെക്രട്ടേറിയറ്റ്
അസോസിയേഷൻ


# എൻ.പി.എസ്. ഇരട്ടത്താപ്പിന്റെ **മുഖം മൂടി ഊരി മാറ്റുമ്പോൾ**

***ഇടതുസർക്കാർ പങ്കാളിത്ത പെൻഷൻ ഊട്ടിയുറപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചപ്പോൾ, ഇന്ത്യയിൽ കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാൻ, ഛത്തീസ്ഗഡ് സംസ്ഥാനങ്ങളിൽ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി പുനഃസ്ഥാപിച്ചാണ് ഈ വിഭാഗം ജീവനക്കാരോട് പ്രതിബദ്ധത തെളിയിച്ചത്. സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ക്ഷേമവും വികസനവും ലക്ഷ്യമിട്ടാണ് പഴയ പെൻഷൻ പദ്ധതിയിലേക്ക് മടങ്ങുന്നതെന്നാണ് രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗഹ്ലോട്ട് പറഞ്ഞത്.***

***വർഷം 2013–***

പങ്കാളിത്ത പെൻഷനെതിരെയുള്ള സമരത്തിനൊടുവിൽ അന്ന് ഇടതുപക്ഷ സമരസമിതി നേതാവായിരുന്ന ഇന്നത്തെ ബഹു. മുഖ്യമന്ത്രി ഈ പോരാട്ടം നാടിനുവേണ്ടി എന്ന തലക്കെട്ടിൽ ഒരു ലേഖനം എഴുതി.

*ലേഖനത്തിലെ പ്രസക്ത ഭാഗങ്ങൾ:*

ഈ സമരം രാഷ്ട്രീയപ്രേരിതമായി ഉണ്ടായിട്ടുള്ളതാണെന്നും ജീവനക്കാർക്ക് യാതൊരു പ്രശ്നവും ഉണ്ടാകില്ലെന്നുമായിരുന്നു ഈ സമരത്തെ എതിർത്തിരുന്ന ആളുകൾ വ്യാപകമായി പ്രചരിപ്പിച്ചിരുന്നത്.... ഈ സമരം കൊണ്ട് എന്തുനേടി എന്ന് ചിലർ ചോദിക്കുന്നുണ്ട്. ഈ സമരത്തിന്റെ പ്രധാനപ്പെട്ട നേട്ടം മിനിമം പെൻഷൻ ഉറപ്പാക്കി എന്നതാണ്. പെൻഷൻ ഫണ്ട് സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ച് നാടിന്റെ ആവശ്യങ്ങൾക്കു തന്നെ ഉപയോഗപ്പെടുത്താവുന്ന നിലയിലേക്കും ഈ സമരം വികസിച്ചു... തങ്ങൾക്കുവേണ്ടി സമരം നടത്തിയ ജീവനക്കാരെയും അധ്യാപകരെയും ഭാവി തലമുറ സ്നേഹത്തോടെയും ബഹുമാനത്തോടെയും അനുസ്മരിക്കും. ജീവനക്കാരുടെ എല്ലാ ആശങ്കകളും പരിഹരിക്കുന്നതിനുള്ള ഇടപെടൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിലെത്തുന്ന ഘട്ടങ്ങളിൽ സ്വീകരിച്ചിട്ടുണ്ട്.'

***വർഷം 2016–***

കാലം മാറി. അന്നത്തെ സമരസമിതി നേതാവ് ഇപ്പോൾ മുഖ്യമന്ത്രിയായി. എടുത്തണിഞ്ഞ മുഖംമൂടി മാറ്റി. പങ്കാളിത്ത പെൻഷൻകാരോടുള്ള യഥാർത്ഥ സമീപനം പുറത്തേക്ക് വന്നു. ശ്രീ. ഉമ്മൻചാണ്ടി സർക്കാർ സമരക്കാർക്ക് ഉറപ്പുനൽകിയ മിനിമം പെൻഷൻ അട്ടിമറിച്ചായിരുന്നു ആദ്യതുടക്കം. അദ്ദേഹത്തിന്റെ നയംമാറ്റം മൂലം കഴിഞ്ഞ ഒമ്പത് വർഷത്തിനിടെ വിരമിച്ച 2000 ത്തോളം പങ്കാളിത്ത പെൻഷൻകാർ നരകിച്ചുജീവിക്കുന്നു. ഇതോടെ പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ചവരുടെ പ്രതിമാസ ആന്വിറ്റി 200 ഉം 300 ഉം രൂപ മാത്രമായി. 1600 രൂപ വാർധക്യകാല പെൻഷനുള്ള കേരളത്തിലാണ് ഈ തുച്ഛമായ പെൻഷൻ എന്നത് ഏറെ ഞെട്ടിക്കുന്നതാണ്.




പങ്കാളിത്ത പെൻഷൻകാരോടുള്ള സമീപനത്തിൽ സഹികെട്ട ഭരണപക്ഷത്തുള്ള സി.പി.ഐ.യുടെ പോഷക സംഘടനയായ ജോയിന്റ് കൗൺസിൽ പോലും സമരരംഗത്തിറങ്ങി. ജോയിന്റ് കൗൺസിലിന്റെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റിന് പുറത്ത് പങ്കാളിത്ത പെൻഷൻ സമരം നടക്കുമ്പോൾ സെക്രട്ടറിയേറ്റിനകത്ത് പങ്കാളിത്ത പെൻഷൻകാർക്കുള്ള അന്ത്യശാസനയുമായി പദ്ധതി ഊട്ടിയുറപ്പിക്കുന്നതിന് ഉത്തരവിറക്കുന്നതിലുള്ള തിരക്കിലായിരുന്നു ഇടത് സർക്കാർ!. പങ്കാളിത്ത പെൻഷനിൽ അംഗമാകാതെ മാറി നിൽക്കുന്ന സർക്കാർ ഉദ്യോഗസ്ഥർ നവംബർ 30 നകം പദ്ധതിയിൽ അംഗമാകണമെന്ന കർശന നിർദ്ദേശവുമായാണ് ധനകാര്യ വകുപ്പ് ഉത്തരവിറക്കിയത്!.

***അന്നത്തെ സമരസമിതി നേതാവ് ഇപ്പോൾ മുഖ്യമന്ത്രിയായി. എടുത്തണിഞ്ഞ മുഖംമൂടി മാറ്റി. പങ്കാളിത്ത പെൻഷൻകാരോടുള്ള യഥാർത്ഥ സമീപനം പുറത്തേക്ക് വന്നു. ശ്രീ. ഉമ്മൻചാണ്ടി സർക്കാർ സമരക്കാർക്ക് ഉറപ്പുനൽകിയ മിനിമം പെൻഷൻ അട്ടിമറിച്ചായിരുന്നു ആദ്യതുടക്കം.***

### *വസന്തംവിരിഞ്ഞു; കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ സ്റ്റാറ്റ്യൂട്ടറി...*

ഇടതുസർക്കാർ പങ്കാളിത്ത പെൻഷൻ ഊട്ടിയുറപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചപ്പോൾ, ഇന്ത്യയിൽ കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാൻ, ഛത്തീസ്ഗഡ് സംസ്ഥാനങ്ങളിൽ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി പുനഃസ്ഥാപിച്ചാണ് ഈ വിഭാഗം ജീവനക്കാരോട് പ്രതിബദ്ധത തെളിയിച്ചത്. സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ക്ഷേമവും വികസനവും ലക്ഷ്യമിട്ടാണ് പഴയ പെൻഷൻ പദ്ധതിയിലേക്ക് മടങ്ങുന്നതെന്നാണ് രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗഹ്ലോട്ട് പറഞ്ഞത്. കോൺഗ്രസ് സർക്കാരുകളുടെ മാതൃക പിൻതുടരുക

യാണ് ജാർഖണ്ഡ്, പഞ്ചാബ്, തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങൾ. കേരളത്തിൽ, തെറ്റായ തടസ്സവാദങ്ങൾ പ്രചരിപ്പിച്ച് പങ്കാളിത്ത പെൻഷൻ പിൻവലിക്കാൻ സാധിക്കില്ലെന്ന് ക്ലാസ്സെടുത്തുനടന്നിരുന്ന ഇടതുപക്ഷ അനുകൂല സർവ്വീസ് സംഘടനകൾക്ക് ഇതോടെ ഉറക്കം നഷ്ടപ്പെട്ടിരിക്കുന്നു. രാജസ്ഥാനിലും ഛത്തീസ്ഗഡിലും കോൺഗ്രസ് സർക്കാരുകൾ പങ്കാളിത്ത പെൻഷൻ ഒഴിവാക്കി സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി പുന:സ്ഥാപിച്ചത് കേരളത്തിലെ യുവാക്കളുടെ ഇടയിലും ആവേശമായി മാറിക്കഴിഞ്ഞു. കോൺഗ്രസ് സർക്കാരുകളുടെ പാത പിന്തുടർന്ന് കേരളത്തിലും പങ്കാളിത്ത പെൻഷൻ പിൻവലിക്കുക തന്നെ ചെയ്യേണ്ടിവരും.

***പുറംലോകം കാണാതെ സമിതി റിപ്പോർട്ട്...***

കേരളത്തിൽ 07.11.2018ൽ പുന:പരിശോധനാ സമിതിയെ നിശ്ചയിച്ച് ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു. നീണ്ട രണ്ടര വർഷത്തോളം കഴിഞ്ഞ് സമിതി 30.04.2021ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചെങ്കിലും തുടർനടപടി സ്വീകരിക്കാതെ അടയിരിക്കുകയാണ് സംസ്ഥാന സർക്കാർ. റിപ്പോർട്ടിലെ ഉള്ളടക്കവും ശുപാർശയും പോലും വെളിപ്പെടുത്താൻ സർക്കാർ തയ്യാറായിട്ടില്ല. സർക്കാരിൽ റിപ്പോർട്ട് ലഭിച്ചിട്ട് 575 ദിവസം പിന്നിട്ടു. 20.07.2021– ന് അഡീഷണൽ ചീഫ് സെക്രട്ടറി ഫയലിൽ തീരുമാനമെടുക്കാതെ പേഴ്സണൽ സ്റ്റാഫ് അംഗത്തിന് അയച്ചും തിരിച്ചെടുത്തും അമ്മാനമാട്ടം തുടരുകയാണ്. പി.എഫ്.ആർ.ഡി.എ. നിയമത്തിലോ സംസ്ഥാന സർക്കാർ ഏർപ്പെട്ട കരാറുകളിലോ പങ്കാളിത്ത പെൻഷൻ പിൻവലിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളില്ലെന്ന് നിയമസഭയിൽ സർക്കാർ അറിയിച്ച സാഹചര്യത്തിൽ എൻ.പി.എസ്. പദ്ധതി എത്രയുംവേഗം പിൻവലിക്കാൻ സർക്കാർ തയ്യാറാകണം.

ധനകാര്യ വകുപ്പ് മന്ത്രി എൻ.പി.എസ്. പിൻവലിക്കുമെന്ന പ്രതീതി നിലനിർത്തിക്കൊണ്ട് കടന്നുപോകുന്ന ഓരോ ദിവസവും എൻ.പി.എസ്. വിഭാഗം ജീവനക്കാർക്ക് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ഭീമമാണ്. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ, വിജ്ഞാപനം പുറപ്പെടുവിക്കുന്ന സമയത്ത് നിലവിലുണ്ടായിരുന്ന പെൻഷൻ വ്യവസ്ഥയിൽ ജീവനക്കാരെ ഉൾപ്പെടുത്തുക, കേന്ദ്ര സർക്കാർ നടപ്പിലാക്കിയ പ്രകാരം സർക്കാർ വിഹിതം 14 ശതമാനമായി വർദ്ധിപ്പിക്കുക, ഡി.സി.ആർ.ജി. അനുവദിക്കുക എന്നിങ്ങനെ ജീവനക്കാർക്ക് ഇതിനോടകം ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ പുന:പരിശോധനാ സമിതിയുടെ പേരു പറഞ്ഞ് തടഞ്ഞുവെച്ചിരിക്കുകയാണ്. പുനഃപരിശോധനാ സമിതി റിപ്പോർട്ടിന്മേൽ സർക്കാർ അടിയന്തിരമായി തീരുമാനം കൈക്കൊള്ളേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു. സംസ്ഥാന ഖജനാവിൽ നിന്നും 70,60,098 രൂപ ചെലവഴിച്ച് പഠനം നടത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ പുനഃപരിശോധനാ ഫയൽ ഗാഢനിദ്രയിലാണ്. 2022 നവംബർ മാസത്തെ കണക്ക് പ്രകാരം, 1,85,904 ജീവനക്കാർ പങ്കാളിത്തപെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. ഒന്നര ലക്ഷത്തിൽപ്പരം ജീവനക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഹൃദയവികാരങ്ങൾ ഉൾക്കൊള്ളുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളാതെ ധനവകുപ്പ് മന്ത്രി ഫയൽ തടഞ്ഞുവെച്ചിരിക്കുകയാണ്. ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും ചേർത്ത് 4000 കോടിയോളം രൂപയാണ് ഇതിനോടകം ഓഹരിക്കമ്പോളത്തിൽ നിക്ഷേപിച്ചിട്ടുള്ളത്.

> ***പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് നിയമസഭാ ചോദ്യങ്ങൾക്കും വിചിത്രമറുപടികളായിരുന്നു. പരിശോധിക്കുന്നു, പഠിക്കുന്നു, പഠിച്ചുകൊണ്ടിരിക്കുന്നു തുടങ്ങിയ തഴമ്പിച്ച മറുപടി പറഞ്ഞ് പറഞ്ഞ് ഒന്നാം സർക്കാരിന്റെയും രണ്ടാം ഇടതു സർക്കാരിന്റെയും കാലം തീർക്കുകയാണ്.***

***ഇടത് സർക്കാർ ഇറക്കിയ നോട്ടിഫിക്കേഷനും പി.എഫ്.ആർ.ഡി.എ. മുദ്രാവാക്യവും...***

2020 മെയ് 13ന് ഒരു അസാധാരണ ഗസറ്റ്പ്രകാരം, കേരളത്തിൽ നടപ്പിലാക്കിയ പങ്കാളിത്ത പെൻഷന് 2013 ഏപ്രിൽ ഒന്ന് മുതൽ മുൻകാല പ്രാബല്യത്തോടെ പി.എഫ്.ആർ.ഡി.എ. ആക്ട് 12 (4) പ്രകാരമുള്ള നോട്ടിഫിക്കേഷൻ ഇടതുസർക്കാർ പുറപ്പെടുവിച്ചു. 2013 ഏപ്രിൽ ഒന്ന് മുതൽ കേരളത്തിൽ ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെയാണ് പങ്കാളിത്ത പെൻഷൻ നടപ്പാക്കിയത്. സംസ്ഥാനത്തിന് വളരെ ലളിതമായി പങ്കാളിത്ത പെൻഷൻ പിൻവലിക്കാമായിരുന്നു. അടച്ച തുക തിരികെ ലഭിക്കുന്നതിലുള്ള നടപടിക്രമങ്ങളും ലഘൂകരിക്കാമായിരുന്നു. എന്നാൽ പദ്ധതി അറബിക്കടലിൽ ഒഴുക്കുമെന്ന് പറഞ്ഞ് അധികാരത്തിലേറിയവർ,

പദ്ധതിക്ക് പി.എഫ്.ആർ.ഡി.എ. നിയമം ബാധകമാക്കി വിജ്ഞാപനം പുറപ്പെടുവിക്കുന്ന സമീപനമാണ് സ്വീകരിച്ചത്. പങ്കാളിത്ത പെൻഷൻ അറബിക്കടലിൽ ഒഴുക്കുമെന്ന് മുദ്രാവാക്യം മുഴക്കിയ ഇടത് സർവ്വീസ് സംഘടനാ നേതാക്കൾ 2016ന് ഭരണത്തിലേറിയശേഷം പി.എഫ്.ആർ.ഡി.എ, എം.ഒ.യു, എഗ്രിമെന്റ് എന്നെല്ലാം പറഞ്ഞ് ക്യാപ്സ്യൂളുകൾ മാറിമാറി ഇറക്കിക്കൊണ്ടിരിക്കുമ്പോഴാണ് കേരളത്തിൽ ഇടത് സർക്കാർ തന്നെ പി.എഫ്.ആർ.ഡി.എ.യുമായി കൂട്ടിക്കെട്ടി വിജ്ഞാപനം പുറപ്പെടുവിച്ചത് എന്നത് പങ്കാളിത്ത പെൻഷൻ ജീവനക്കാരോടുള്ള ഇടത് സംഘടനകളുടെ ഇരട്ടത്താപ്പ് വ്യക്തമാക്കുന്നു.

പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് നിയമസഭാ ചോദ്യങ്ങൾക്കും വിചിത്രമറുപടികളായിരുന്നു. പരിശോധിക്കുന്നു, പഠിക്കുന്നു, പഠിച്ചുകൊണ്ടിരിക്കുന്നു തുടങ്ങിയ തഴമ്പിച്ച മറുപടി പറഞ്ഞ് പറഞ്ഞ് ഒന്നാം സർക്കാരിന്റെയും രണ്ടാം ഇടതുസർക്കാരിന്റെയും കാലം തീർക്കുകയാണ്. എന്നാൽ, മറുഭാഗത്ത് പുനപരിശോധനാ സമിതിയുടെ പേരിൽ ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുന്നു.

***സ്റ്റാറ്റ്യൂട്ടറിയും പങ്കാളിത്ത പെൻഷനുമില്ലാത്ത അവസ്ഥ...***

യാഥാർത്ഥത്തിൽ വിഭാവനം ചെയ്യപ്പെട്ട പങ്കാളിത്ത പെൻഷനുമില്ല; സ്റ്റാറ്റ്യൂട്ടറി പെൻഷനുമില്ല എന്ന അവസ്ഥയാണ് കേരളത്തിൽ. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ 10 ശതമാനം സർക്കാർ വിഹിതം പര്യാപ്തമല്ലായെന്ന തിരിച്ചറിവിൽ കേന്ദ്ര സർക്കാരും മറ്റു സംസ്ഥാനങ്ങളും അത് 14 ശതമാനമായി ഉയർത്തി. 2019 ജനുവരി 31 -ാം തീയതിയിലെ നോട്ടിഫിക്കേഷനിലൂടെ കേന്ദ്രസർക്കാർ നടപ്പാക്കിയ മേൽ തീരുമാനം 3 വർഷം പിന്നിട്ടിട്ടും അന്നത്തെ സമരസമിതി കൺവീനർ ഭരിക്കുന്ന സംസ്ഥാനം അറിഞ്ഞഭാവം നടിച്ചിട്ടില്ല. പെൻഷൻ ഫണ്ട് കോമ്പൗണ്ടിംഗ് രീതിയിൽ പ്രവർത്തിക്കുന്നതിനാൽ വലിയ നഷ്ടമാണ് ഈ ഇനത്തിൽ മാത്രം ജീവനക്കാർക്ക് ഉണ്ടാകുന്നത്. 2016 ആഗസ്റ്റ് മാസം 26 -ാം തീയതി Department of Pension and Pensioner's Welfare : പുറത്തിറക്കിയ ഓഫീസ് മെമ്മോറാണ്ടത്തിലൂടെ എൻ.പി.എസ്.ന്റെ ഭാഗമായി കേന്ദ്ര സർക്കാർ ജീവനക്കാർക്ക് Death & Retiremet Gratuity ആനുകൂല്യം അനുവദിച്ച് നൽകി. അതും കേരളത്തിലെ ജീവനക്കാർക്ക് നൽകിയില്ല. ഡി.സി.ആർ.ജി. ആനുകൂല്യം ലഭിക്കാതെയാണ് നിലവിൽ കേരളത്തിലെ എൻ.പി.എസ് ജീവനക്കാർ വിരമിക്കുന്നത്. മരണമടയുന്ന എൻ.പി.എസ് വിഭാഗം ജീവനക്കാരുടെ അവകാശികൾക്ക് സമാശ്വാസ തൊഴിൽ ലഭിക്കുംവരെ അനുവദിക്കുവാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്ന 100% ആശ്വാസ ധനസഹായം അടിസ്ഥാന ശമ്പളത്തിന്റെ 30 ശതമാനത്തിന് തുല്യമായ തുകയാക്കി ഈ സർക്കാർ വെട്ടിക്കുറച്ചു.

പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ, സർക്കാർ വിഹിതം 10 ശതമാനത്തിൽ നിന്നും 14 ശതമാനമായി ഉയർത്തണമെന്ന ജീവനക്കാരുടെ ആവശ്യം പുനഃപരിശോധന സമിതിയുടെ പരിഗണനക്കുവിട്ട് മരവിപ്പിച്ച് നിർത്തിയപ്പോഴും കേരളത്തിലെ ഐ.എ.എസ്/ ഐ.പി.എസ് ഉദ്യോഗസ്ഥരുടെ സർക്കാർ വീതം 14 ശതമാനമായി ഉയർത്തി സർക്കാർ ഉത്തരവിറക്കി. അഖിലേന്ത്യ യശമാനന്മാർക്കു 14 ശതമാനം സർക്കാർ വിഹിതം കൊടുക്കുന്നതിനും, മുടക്കമില്ലാതെ ഡി.എ കൊടുക്കുന്നതിനും ഒരു കുറവും വരുത്തിയിട്ടില്ല. അങ്ങനെ, കേന്ദ്രത്തിലും മറ്റു സംസ്ഥാനങ്ങളിലും നിലവിലില്ലാത്ത തരത്തിൽ, മൂന്നാംതരം പെൻഷൻ പദ്ധതി നിലവിലുള്ള കേരള മോഡലും രൂപപ്പെടുത്തി.

***മെഡിസെപ്പിലും ഇരട്ടത്താപ്പ്...***

2021 ഡിസംബർ 16ന് ധനകാര്യ വകുപ്പ് ഒരു പരിപത്രമിറക്കി. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ച ജീവനക്കാർക്ക് പദ്ധതിയിൽ ചേരണമെങ്കിൽ മൂന്ന് വർഷത്തെ പ്രീമിയം തുകയായ 18,000 രൂപ ഒറ്റത്തവണ മുൻകൂറായി ഒടുക്കണമെന്നായിരുന്നു ഇടതുസർക്കാരിന്റെ വിചിത്ര തീരുമാനം. വെറും മുന്നൂറും നാന്നൂറും രൂപ പെൻഷൻ ലഭിക്കുന്ന ഇവർ എങ്ങനെ ഈ ഭാരിച്ച തുക അടക്കുമെന്ന് പോലും ചിന്തിക്കാനുള്ള ശേഷി പഴയ സമരസമിതി നേതാവ് ഭരിക്കുന്ന സർക്കാരിന് നഷ്ടപ്പെട്ടു. സംസ്ഥാനത്ത് 2000 ഓളം പേർ ഇതിനോടകം വിരമിച്ചു. ഇവരിൽ 16 പേർ മാത്രമാണ് പ്രീമിയം തുകയായ 18000 രൂപ അടച്ച് സമ്മതപത്രം നൽകാൻ പോലും മുന്നോട്ട് വന്നത്. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന് രണ്ടു വർഷവും ഒരു ദിവസവും ജോലി ചെയ്താൽ 3350 രൂപയും കാലാകാലങ്ങളിൽ വർധിച്ചുവരുന്ന ഡി.എ.യും ലഭിക്കുന്നുണ്ട്. അതേസമയം, പി.എസ്.സി. പരീക്ഷയെഴുതി ജോലിയിൽ പ്രവേശിച്ച ജീവനക്കാരോടുള്ള ഇരട്ടത്താപ്പ് നയം സമൂഹത്തിൽ തെറ്റായ സന്ദേശമാണ് നൽകുന്നത്.

മുൻ സർക്കാർ ചെയ്ത തെറ്റ് തിരുത്തപ്പെടണം. ഭരണഘടന പോലും നൂറിലേറെ തവണ ഭേദഗതി വരുത്തിയിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ അറബിക്കടലിൽ ഒഴുക്കുക തന്നെ വേണം. ഇടത് സർക്കാരിന്റെ അനീതിയിൽനിന്നുള്ള കെടാക്കനലുകൾ നാളെ അഗ്നിജ്വാലകളായി മാറുക തന്നെ ചെയ്യും.



# പറഞ്ഞതിനേക്കാൾ ഏറേ പറയാൻ ബാക്കി വച്ച് കഥാവശേഷനായ സതീഷ് ബാബു പയ്യന്നൂർ

**എസ്. ജ്യോതികൃഷ്ണ**
മുൻ ചീഫ് എഡിറ്റർ,
സമഷ്ടി



***കേരള സെക്രട്ടേറിയറ്റ് അസോസിയേഷന്റെ മുഖപത്രമായ സമഷ്ടിയുടെ എക്കാലത്തെയും മികച്ച സുഹൃത്തുക്കളിൽ ഒരാളായിരുന്നു. 2012 ൽ ഞാൻ സമഷ്ടിയുടെ ചീഫ് എഡിറ്ററായിരുന്ന സമയത്ത് തുടങ്ങിവച്ച ആത്മബന്ധം ഇന്നും തുടരുന്നുണ്ടായിരുന്നു. സൗഹൃദങ്ങൾക്ക് ഏറേ വില കല്പ്പിച്ചിരുന്ന അദ്ദേഹത്തോടൊപ്പം ഫ്ലാറ്റിലും ഇന്ത്യൻ പനോരമയുടെ ഓഫീസിലും ഒക്കെയായി ചിലവഴിച്ചിരുന്ന സമയങ്ങൾ ഇന്നും മായാത്ത ഓർമ്മകളായി നിലനിൽക്കുന്നു.***

കഥകളിൽ ദേശവും നാട്ടിടവഴികളും നാട്ടുകാരും കഥാപാത്രങ്ങളാവുകയും അത് ദേശചരിത്രത്തോടൊപ്പം അടയാളപ്പെടുത്തുകയും ചെയ്ത കഥാകാരനായിരുന്നു സതീഷ് ബാബു പയ്യന്നൂർ. വളരെ ലളിതമായ ഭാഷയിൽ ഏവരേയും ആകർഷിക്കുന്ന രീതിയിലുള്ള എഴുത്തിനുടമയായിരുന്നു അദ്ദേഹം. പേരിനൊപ്പം പയ്യന്നൂരിനെ ചേർത്തുനിർത്തിയ സതീഷ് ബാബു വിടവാങ്ങിയതോടെ ആ മേൽവിലാസം കൂടിയാണ് പയ്യന്നൂരിന് നഷ്ടമായത്.

ചെറുകഥാകൃത്ത്, നോവലിസ്റ്റ്, മാധ്യമപ്രവർത്തകൻ, കോളമെഴുത്തുകാരൻ തുടങ്ങിയ മേഖലകളിലെല്ലാം തന്റേതായ ഇടം കണ്ടെത്താൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.

2011 – 2016 വർഷത്തെ യു.ഡി.എഫ് ഭരണകാലയളവിൽ ഭാരത് ഭവന്റെ മെംബർ സെക്രട്ടറിയായി മികച്ച പ്രവർത്തനമാണ് കാഴ്ചവച്ചത്. അക്കാലത്ത് ഭാരത് ഭവന് സ്വന്തമായി ആസ്ഥാന മന്ദിരവും ഓപ്പൺ സ്റ്റേജും ഉണ്ടാക്കാനായത് അദ്ദേഹത്തിന്റെ നേട്ടമാണ്. വ്യത്യസ്തങ്ങളായ പരിപാടികളിലൂടെ ഭാരത് ഭവന്റെ നേട്ടങ്ങൾ രാജ്യം മൊത്തം ശ്രദ്ധിക്കപ്പെട്ടു. കേരള സാഹിത്യ അക്കാദമി അംഗം, കേരള ഫിലിം അക്കാദമി അംഗം, കണ്ണൂർ സർവകലാശാല സെനറ്റർ, 'ഈയാഴ്ച' വാരിക എഡിറ്റർ തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. കാരൂർ പുരസ്കാരം, കേരള സാഹിത്യവേദി അവാർഡ്, അബുദാബി ശക്തി പുരസ്കാരം, കേരള സാഹിത്യ അക്കാദമി അവാർഡ്, ഫൊക്കാന ഇൻററ്നാഷനൽ ലിറ്ററി അവാർഡ്, മലയാറ്റൂർ അവാർഡ്, ഫിലിം ക്രിട്ടിക്സ് ടി.എൻ. സുവർണമുദ്ര, തുടങ്ങിയവ അദ്ദേഹത്തെ തേടിയെത്തിയ അംഗീകാരങ്ങളിൽ ചിലതാണ്.



> ***ചെറുകഥാകൃത്ത്, നോവലിസ്റ്റ്, മാധ്യമപ്രവർത്തകൻ, കോളമെഴുത്തുകാരൻ തുടങ്ങിയ മേഖലകളിലെല്ലാം തന്റേതായ ഇടം കണ്ടെത്താൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.***

കേരള സെക്രട്ടേറിയറ്റ് അസോസിയേഷന്റെ മുഖപത്രമായ സമഷ്ടിയുടെ എക്കാലത്തെയും മികച്ച സുഹൃത്തുക്കളിൽ ഒരാളായിരുന്നു. 2012 ൽ ഞാൻ സമഷ്ടിയുടെ ചീഫ് എഡിറ്ററായിരുന്ന സമയത്ത് തുടങ്ങിവച്ച ആത്മബന്ധം ഇന്നും തുടരുന്നുണ്ടായിരുന്നു. സൗഹൃദങ്ങൾക്ക് ഏറേ വില കല്പ്പിച്ചിരുന്ന അദ്ദേഹത്തോടൊപ്പം ഫ്ലാറ്റിലും ഇന്ത്യൻ പനോരമയുടെ ഓഫീസിലും ഒക്കെയായി ചിലവഴിച്ചിരുന്ന സമയങ്ങൾ ഇന്നും മായാത്ത ഓർമ്മകളായി നില നിൽക്കുന്നു. ഞാൻ ചുമതല വഹിച്ചിരുന്ന സമയങ്ങളിലെല്ലാം തന്നെ സമഷ്ടിയുടെ പ്രത്യേക പതിപ്പുകളിൽ അദ്ദേഹത്തിന്റെ സൃഷ്ടികൾക്കും പ്രത്യേക ഇടമുണ്ടായിരുന്നു.

പാലക്കാട് ജില്ലയിലെ പത്തിരിപ്പാലയിൽ 1963 ലായിരുന്നു ജനനം. അച്ഛന്റെ ജോലിയുമായി ബന്ധപ്പെട്ടാണ് കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ എത്തുന്നതും പിന്നീടവിടെ സ്ഥിരതാമസമാക്കുന്നതും. കാഞ്ഞങ്ങാട് നെഹ്റു കോളജിലും പയ്യന്നൂർ കോളജിലുമായിരുന്നു പഠനം. വിദ്യാഭ്യാസ കാലത്തു തന്നെ കഥ, കവിത, ഉപന്യാസ രചന എന്നീ മേഖലകളിൽ തിളങ്ങിയിരുന്നു. വിദ്യാഭ്യാസത്തിന് ശേഷം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ഉദ്യോഗസ്ഥനായി. ജോലിയുടെ ഭാഗമായാണ് തലസ്ഥാനത്ത് എത്തുന്നത്. പിന്നീട് സാഹിത്യത്തിലും മറ്റ് തന്റെ ഇഷ്ടമേഖലകളിലും കൂടുതൽ ശ്രദ്ധിക്കുന്നതിനായി ജോലി തന്നെ ഉപേക്ഷിക്കുകയുണ്ടായി. നിരവധി ഹ്രസ്വചിത്രങ്ങളും ഡോക്യുമെൻററികളും സംവിധാനം ചെയ്യുകയും 'നക്ഷത്രക്കൂടാരം' എന്ന സിനിമക്ക് തിരക്കഥ രചിക്കുകയും ചെയ്തിട്ടുണ്ട്.

പേരമരം, വൃശ്ചികം വന്നു വിളിച്ചു, ഖമറുന്നീസയുടെ കൂട്ടുകാരി, ദൈവം, മണ്ണ്, സീൻ ഓവർ, ഉൾഖനനങ്ങൾ, ഫോട്ടോ തുടങ്ങിയവയാണ് പ്രധാന കൃതികൾ. പയ്യന്നൂരമ്പലവും, സാധാരണ മനുഷ്യരുടെ ജീവിതനൊമ്പരങ്ങളും, ഉത്തരകേരളത്തിന്റെ തെയ്യവും തെയ്യം കലാകാരന്മാരുടെ നീറുന്ന ജീവിതചുറ്റുപാടുകളുമൊക്കെയായിരുന്നു കഥപറച്ചിലിൽ നിറഞ്ഞുനിന്നിരുന്നത്.

വളരെ അപ്രതീക്ഷിതമായിരുന്നു അദ്ദേഹത്തിന്റെ ദേഹവിയോഗം. ഒട്ടേറേ ആഗ്രഹങ്ങൾ ബാക്കി വച്ചാണ് അദ്ദേഹം യാത്രയായത്. പറഞ്ഞതിനേക്കാൾ ഏറേ

പറയാൻ ബാക്കി വച്ച് കഥാവശേഷനായ പ്രിയ കഥാകാരന് കണ്ണീരിൽ കുതിർന്ന വിട

കവിത



നന്ദനത്തിൽ ബിനുകുമാർ

# പുഴ പറഞ്ഞത്

ഒരിക്കലൊരുപുഴ എന്നോട് പറഞ്ഞത്
ഓർത്തു പോകുന്നു ഞാനീ വേളയിൽ
അഴകാർന്നൊരു പുഴയായിരുന്നു ഞാൻ
ഇന്നോ പുഴയെന്ന വെറും പേരുമാത്രം
അന്നു ഞാനാർത്തുല്ലസിച്ചെന്റെ
തീരങ്ങളെ തരളിതമാക്കിയല -
തല്ലിയൊഴുകിയിരുന്നു ബഹുദൂരം
യൗവ്വനയുക്തയാം തരുണിയെപ്പോൽ
എന്റെ തീരങ്ങളിലാറ്റു വഞ്ചിയും
പൂവാകയും പൂവിട്ട് കണ്ണാടിയിലെന്നപോൽ
എന്നെയും നോക്കിനിന്നിരുന്നു.
ഇളം കാറ്റിലുലയുന്ന ചില്ലയിൽ നിന്ന്
ഉതിരുന്ന നിറച്ചാർത്തും പേറി ഞാൻ
ഒരു പൂത്തോണി കണക്കെയൊഴുകിയിരുന്നു
ഇന്നെനിക്കൊഴുകിപ്പരക്കാനിടമില്ല
എന്റെ ശ്വാസഗതികൾക്കീണമില്ല
ഓളങ്ങളില്ലെന്റെ മാറിൽ
വറ്റിവരണ്ടുണങ്ങി മെലിഞ്ഞൊരു
പേക്കോലം കണക്കെ കിതച്ചും തളർന്നും
നീങ്ങുന്നു മലിനമാം സലിലവും പേറി
എന്റെ തീരങ്ങൾ കൈയ്യേറി കോട്ടകൾ
പണിതെന്നെ ഞെരിച്ചമർത്തി
ശ്വാസം മുട്ടിച്ച് കൊല്ലാക്കൊല ചെയ്യുന്നു
നിഷ്കരുണമൊരു കൂട്ടമാളുകൾ
ഒന്നോർക്കയാവില്ലൊരുത്തർക്കുമെന്നെ
തടുക്കുവാനെനിക്കൊഴുകിപ്പരക്കണം
ഒരുനാൾ ഞാനതിനു മുതിരുന്ന നേരം
കാണില്ലൊരുവരുമെന്നെത്തടുക്കുവാനായ് !

കവിത





**അരുൺ ആര്യങ്കാവ്**
നിർവ്വാഹക സമിതി അംഗം
കേരള സെക്രട്ടേറിയറ്റ്
അസോസിയേഷൻ

# വിപ്ലവ നവോത്ഥാനം

വായുവിൽ പൊങ്ങിയുയർന്ന
ചുരുട്ടിയ കയ്യുകൾ താനേ യയഞ്ഞു
താഴ്ന്നു തുടങ്ങി
വായുവിലുയർന്ന രണ നാദങ്ങൾ
മൃദു സംഗീത ശീലുകളായി
തൊഴിലാളികളുടെ കൂട്ടായ്മകളോ കുത്തക
കയ്യിൽ വലിഞ്ഞു മുറുകി പിടയുന്നു
ആർത്തലച്ച തിരമാലകളുടെ
ശക്തി ക്ഷയിച്ചോരോളങ്ങൾ
അറബിക്കടലിൻ നീലിമയിൽ
മുങ്ങി പിടഞ്ഞു മരിക്കുമ്പോൾ
വലിയ സമര തീജ്വാലകളിൽ
നീർക്കുമിളകൾ പുകയായ് മാറുമ്പോൾ
ഞാനറിയുന്നു പണ്ടു
പാണൻ പാടിയ പാട്ടിലെ
അങ്കമായ് മാറി വിപ്ലവം
അരുണിമ അലിഞ്ഞ നിറം മാഞ്ഞ വിപ്ലവം
പതാകയല്ല സംഘമല്ല
അവകാശമാകട്ടെ സമരം ഭരണമല്ല
ജീവനായ് കിട്ടുന്ന അഷ്ടിക്കായ് ആകട്ടെ സമരം

# ഭാഗ്യം വിളമ്പിയ ‘സിനിമാ ’തറവാട്



രാധാകൃഷ്ണൻ മാന്നനൂർ




**മലയാള സിനിമയും ഷൊർണൂർ റസ്റ്റ്ഹൗസും**

പി.എൻ.മേനോൻ ,ഹരിഹരൻ, ഭരതൻ, ഐ.വി.ശശി, ’പ്രിയദർശൻ, ലാൽ ജോസ് തുടങ്ങിയ തലയെടുപ്പുള്ള സിനിമാ സംവിധായകരും, എം.ടി,ലോഹിതദാസ്, രഞ്ജൻ പ്രമോദ്, ടി.എ.റസാഖ് ,ബാബു ജനാർദ്ദനൻ മുതലായ തിരക്കഥാകൃത്തുക്കളും മാത്രമല്ല, രജനീകാന്ത്, പ്രേംനസീർ ,മധു,മമ്മൂട്ടി, മോഹൻലാൽ, അരവിന്ദ് സ്വാമി,ജയറാം, ദിലീപ് എന്നിങ്ങനെ സൂപ്പർ താരങ്ങളടക്കമുള്ള നടീ- നടൻമാരും ഒരു കാലത്ത് താമസിച്ചത് ഇവിടെയാണ്. ഗാന രചയിതാക്കളും, സംഗീത സംവിധായകരും വരികളും, ഈണവും തേടി ഇവിടെ എത്തി. അങ്ങിനെ മലയാള സിനിമാ പ്രവർത്തകർക്ക് ഭാഗ്യം വിളമ്പുന്ന ‘ തറവാട് ‘ തന്നെ ആയിരുന്നു ഷൊർണൂരിന്റെ നിളാതീരത്തെ പൊതുമരാമത്ത് വകുപ്പിന്റെ ഈ വിശ്രമമന്ദിരം .മദിരാശിയിലെ പ്രശസ്തമായ സ്വാമീസ് ലോഡ്ജ് പോലെ മലയാള സിനിമാ പ്രവർത്തകർ പഴയ കാലത്ത് ഒത്തുകൂടിയിരുന്ന ഇടം.





കെ.ആർ.നാരായണൻ, പി.വി.
നരസിംഹറാവു ഇ.എം.എ
സ്,,കെ.കരുണാകരൻ, നായ
നാർ, വി.എസ്. മുതൽ പിണറായി
വിജയൻ വരെ അന്തിയുറങ്ങിയ
ഷൊർണൂർ പി.ഡബ്ലിയു.ഡി.റസ്റ്റ്
ഹൗസ് കേരളത്തിന്റെ സിനിമാ-

> ***ജനീകാന്ത്, പ്രേംന സീർ ,മധു,മമ്മൂട്ടി, മോഹൻലാൽ, അര വിന്ദ് സ്വാമി,ജയറാം, ദിലീപ് എന്നിങ്ങനെ സൂപ്പർ താരങ്ങളട ക്കമുള്ള നടീ- നടൻ മാരും ഒരു കാലത്ത് താമസിച്ചത് ഇവിടെ യാണ്.***

രാഷ്ട്രീയ പ്രമുഖരുടെ ഇഷ്ട ഇട
മാണ്. എഴുപത് വർഷത്തോളം
പഴക്കമുള്ള ഈ റസ്റ്റ് ഹൗസ്
ഒരേക്കർ വിസ്തൃതിയിൽ ഏകാ
ന്തത തണലിട്ട് നിൽക്കുന്ന വിശ്ര
മകേന്ദ്രമാണ്. സിനിമാക്കാരുടെ
ഭാഗ്യ വീടായ ഈ വിശ്രമ മന്ദി
രത്തിന്റെ വേറിട്ട വിശേഷങ്ങളെ
കുറിച്ച്...

**മലയാള സിനിമയും റസ്റ്റ്ഹൗസും; ആറ് പതിറ്റാണ്ടിന്റെ ആത്മ ബന്ധം**

നിളാതീരത്ത് മലയാള സി
നിമ ചിത്രീകരണം തുടങ്ങി
യിട്ട് അറുപത് വർഷം പിന്നിട്ട്
കഴിഞ്ഞു. സംവിധായകൻ പി.
എൻ.മേനോൻ ,എം.ടി, ശോഭനാ
പരമേശ്വരൻ നായർ, ക്യാമറാ
മാൻ വിൻസെന്റ്, ഭരതൻ,ലോ
ഹിതദാസ് തുടങ്ങിയവരാണ്
ഭാരതപ്പുഴയുടെ തീരത്തേക്ക്
മലയാള സിനിമയെ ആനയിച്ച
വരിൽ പ്രമുഖർ. അന്ന് ഒറ്റപ്പാ
ലത്തും, ഷൊർണൂരുമൊക്കെ
നക്ഷത്ര സൗകര്യമുള്ള ഹോ
ട്ടലുകൾ തലപൊക്കി തുടങ്ങി
യിട്ടില്ലാത്ത പഴയ കാലം. ഇവി
ടം ചിത്രീകരണത്തിനെത്തുന്ന





സിനിമാ സംഘങ്ങൾക്ക് താമസിക്കാൻ റസ്റ്റ്ഹൗസായിരുന്നു പ്രധാന ആശ്രയം. അങ്ങിനെ പ്രമുഖ നടീ- നടൻമാർക്കും,, സംവിധായകർക്കും മറ്റും താമസിക്കാൻ ഇടം കണ്ടെത്തിയിരുന്നത് ഇവിടെയായിരുന്നു. റസ്റ്റ്ഹൗസ് പരിസരത്തെ ഏകാന്തത പേറുന്ന അന്തരീക്ഷം എഴുത്തുകാർക്കും വലിയ അനുഗ്രഹമായിരുന്നു. സിനിമാക്കഥ എഴുതാൻ പ്രശസ്ത തിരക്കഥാകൃത്തുക്കൾ തന്നെ ഇവിടം സങ്കേതമാക്കി. അവരുടെ സിനിമകൾ ഹിറ്റും സൂപ്പർഹിറ്റുമായി. ഷൊർണൂർ റസ്റ്റ് ഹൗസ് സിനിമാക്കാരുടെ ഭാഗ്യ വീടായി പ്രശസ്തി നേടി.

നിളാതീരത്ത് നിന്ന് ഒരു വിളിപ്പാടകലെയുള്ള ഇവിടം പിന്നെ, മലയാള സിനിമാക്കാരുടെ 'സ്വാമീസ് ലോഡ്ജ് ' ആയി മാറി. ഭാഗ്യ വീടായി മാറി.

കഥ എഴുതാൻ വരുന്ന തിരക്കഥാകൃത്തുക്കൾ, പാട്ട് വരികൾ തേടി എത്തുന്ന ഗാന രചയിതാക്കൾ, ഈണം തേടി എത്തുന്ന സംഗീത സംവിധായകർ, തങ്ങളുടെ പുതിയ സിനിമയെ മൗനമായി മനസിലിട്ട് താലോലിക്കുന്ന സംവിധായകർ, പുതിയ കഥാചർച്ചകൾ, സിനിമാ സൗഹൃദങ്ങൾ, സിനിമാമോഹം പേറി അവസരം ചോദിച്ചെത്തുന്ന അഭിനയമോഹികൾ ..അങ്ങിനെ. മലയാള സിനിമയ്ക്ക് ഏറെ പ്രിയപ്പെട്ട ഇടമായിരുന്നു ഈ സർക്കാർ അതിഥി – വിശ്രമ മന്ദിരം.

**ലോഹിയുടെ ഒന്നാം നമ്പർ മുറി**

ഇവിടത്തെ ഒന്നാം നമ്പർ മുറി ലോഹിതദാസിന്റെ പ്രശസ്തിയിൽ ഇഴചേർന്നതാണ്. ലോഹിയുടെ ഏറ്റവും പ്രിയപ്പെട്ട 'എഴുത്തുപുര ' ആയിരുന്നു ഷൊർണൂർ റസ്റ്റ്ഹൗസിലെ ഒന്നാം നമ്പർ മുറി. കഥകൾക്കായി ലോഹി തന്റെ മനസിനോട് കലഹിച്ചതും, തപസനുഷ്ഠിച്ചതും, അസ്വസ്ഥനായതും, ആഹ്ലാദിച്ചതും ,സൂപ്പർ ഹിറ്റ് കഥകൾ മിക്കതും സമ്മാനിച്ചതും ഈ മുറിയിലെ പ്രത്യേക ചാരുകസേരയിലിരുന്നായിരുന്നു. ലോഹിയുടെ സ്മരണകൾ ഉറങ്ങുന്ന ഈ മുറി ഇന്നും ആദരിക്കപ്പെടുന്നു. ആരാധിക്കപ്പെടുന്നു.

**സത്യൻ അന്തിക്കാടിന്റെ ആറാം നമ്പർ മുറി**

സംവിധായകൻ സത്യൻ അന്തിക്കാടിന്റെ ഇവിടത്തെ ഇഷ്ടമുറി ആറാം നമ്പർ റൂം ആണ്. 'മനസിനക്കരെ 'യിലെ ഷീലയുടെ കഥാപാത്രമടക്കം അന്തിക്കാടിന്റെ പല സിനിമകളുടെയും നിർണ്ണായക മുഹൂർത്തങ്ങൾ പിറന്ന് വീണത് ഈ മുറിയിലാണ്. ലോഹിതദാസുമായുള്ള – സൗഹൃദമാണ് സത്യൻ അന്തിക്കാടിനെ റസ്റ്റ് ഹൗസ് ആരാധകനാക്കിയത്. ലോഹിയുടെ മരണത്തോടെ നിളാതീരത്തേക്ക് വരാൻ തനിയ്ക്ക് മനസ് വരാറില്ലെന്ന് സത്യൻ



അന്തിക്കാട് പറയുന്നു.

**അഞ്ചാം നമ്പർ റൂമിൽ സാക്ഷാൽ രജനീകാന്ത്**

റസ്റ്റ്ഹൗസിലെ അഞ്ചാം നമ്പർ മുറി സൂപ്പർ താരപരിവേഷം പേറുന്നതാണ്. സാക്ഷാൽ രജനീകാന്ത് എട്ട് ദിവസം താമസിച്ചത് ഈ മുറിയിലാണ്. 'മുത്തു ' എന്ന തമിഴ് സിനിമയുടെ ചിത്രീകരണത്തിന് എത്തിയ സമയത്തായിരുന്നു രജനിയുടെ ഇവിടത്തെ വാസം.

**മമ്മൂട്ടി – റൂം നമ്പർ– 7, മോഹൻലാൽ –റൂം നമ്പർ –3**

നമ്പർ 20 മദ്രാസ് മെയിലിന്റെ ചിത്രീകരണത്തിനെത്തിയ സൂപ്പർ താരങ്ങളായ മമ്മൂട്ടിയും, മോഹൻലാലും താമസിച്ചതും റസ്റ്റ്ഹൗസിലായിരുന്നു.

മമ്മൂട്ടി ഇവിടത്തെ മുകളിലെ ഏഴാം നമ്പർ മുറി സ്വീകരിച്ചപ്പോൾ, മോഹൻലാൽ താഴത്തെ മൂന്നാം നമ്പർ മുറിയാണ് ഇഷ്ടത്തോടെ സ്വീകരിച്ചത്.



'ശ്രീകൃഷ്ണ പരുന്ത് ' സിനിമയുടെ ചിത്രീകരണ കാലത്ത് മോഹൻലാൽ താമസിച്ചതും ഇവിടെ തന്നെ. സൂപ്പർ താരപദവിയിലേക്ക് 'പിച്ചവെച്ച് ' നടന്നിരുന്ന മോഹൻലാൽ, അന്ന് ബാലൻ കെ.നായർക്കൊപ്പമാണ് റൂം പങ്കിട്ടതെന്ന് റസ്റ്റ്ഹൗസ് ജീവനക്കാരൻ കെ.ഉണ്ണി ഓർക്കുന്നു. ദേവാസുരത്തിന്റെ ചിത്രീകരണത്തിനെത്തിയപ്പോഴും ലാൽ താമസിക്കാനെത്തിയത് ഇവിടെ തന്നെ. ഭൂതകണ്ണാടിയുടെ ചിത്രീകരണത്തിനെത്തിയപ്പോൾ മമ്മൂട്ടി താമസിച്ചത് അഞ്ചാം നമ്പർ മുറിയിലും. ഈ മുറികൾക്കും താരപരിവേഷം കല്പിച്ചിരിക്കുന്നു.



**'ദേവാസുര 'വും, 'മീശ മാധവ 'നും പിറന്ന ഏഴാം നമ്പർ മുറി**

'ദേവാസുര 'കഥയാടാൻ ഐ.വി.ശശി തിരഞ്ഞെടുത്ത വള്ളുവനാടൻ മണ്ണ് തന്നെയാണ് രഞ്ജിത്ത് തന്റെ തിരക്കഥ എഴുതാൻ തിരഞ്ഞെടുത്തതും. ഷൊർണൂർ റസ്റ്റ്ഹൗസിലെ വിശാലമായ ഏഴാം നമ്പർ മുറിയിൽ രഞ്ജിത്തിന്റെ പ്രതിഭയും പേനയും മംഗലശ്ശേരി നീലകണ്ഠനടക്കമുള്ള കഥാപാത്രങ്ങൾക്ക് ജന്മം നൽകി. രഞ്ജൻ പ്രമോദിൽ നിന്ന്

'മീശ മാധവൻ ' പിറന്ന് വീണതും ഈ മുറിയുടെ വിശാലതയിലും, ഏകാന്തതയിലും.

**താരങ്ങളുടെ അരങ്ങേറ്റം .. മഞ്ജു വാര്യർ, സംയുക്ത, മീര, ഭാവന, ലക്ഷ്മി ഗോപാലസ്വാമി ....**

മഞ്ജു വാര്യർ, സംയുക്ത വർമ്മ ,ഭാവന, മീരാ ജാസ്മിൻ, ലക്ഷ്മി ഗോപാലസ്വാമി, മുക്ത, കലാഭവൻ മണി, ഉണ്ണി മുകുന്ദൻ എന്നീ പല പ്രമുഖ താരങ്ങളുടെ



യും സിനിമയിലേക്കുള്ള ആദ്യ കാൽവയ്പ്പിൽ അനുഗ്രഹമായത് റസ്റ്റ്ഹൗസാണ്. ലോഹിതദാസ് സിനിമയിലെത്തിച്ച ഇതിലെ മിക്കവരും ഒഡീഷനെത്തിയത് ഇവിടെയാണ്.

**രവീന്ദ്രസംഗീതം പിറന്ന് വീണ ഇടം**

കൈതപ്രത്തിന്റെ വരികൾക്ക് രവീന്ദ്രൻ മാഷ് ഈണം കണ്ടെത്തിയ പല പാട്ടുകളും പിറന്നത് റസ്റ്റ്ഹൗസിന്റെ ഏകാന്തതയിൽ.

കൈതപ്രം ,ഗിരീഷ് പുത്തഞ്ചേരി എന്നിവർ വരികൾക്കായി റസ്റ്റ് ഹൗസ് വരാന്തയിലിരുന്ന കഥ - രവീന്ദ്രൻ, ജോൺസൺ, ഔസേപ്പച്ചൻ എന്നീ സംഗീത സംവിധായകർ ഈണങ്ങൾ തേടി റസ്റ്റ് ഹൗസ് ഇടനാഴികളിലൂടെ നടന്ന കഥ ..അങ്ങിനെ അനേകം സിനിമാ കഥകൾ പറയാനുണ്ട് ഇവിടത്തിന്.

**പറയാൻ ഇനിയുമുണ്ട് താര നാമങ്ങൾ**

റസ്റ്റ്ഹൗസ് ചരിത്രത്തിൽ താ



മസക്കാരായി ഇനിയും ചേർത്ത് പറയാനുണ്ട് ഒട്ടേറെ താര നാമങ്ങൾ. ബഹദൂർ ,തിക്കുറുശ്ശി, നെടുമുടി വേണു, ജഗതി, പപ്പു, മാമുക്കോയ, ശങ്കരാടി, ജനാർദ്ദനൻ, ജയറാം, ദിലീപ്, മുകേഷ്, ജഗദീഷ്, പ്രതാപ് പോത്തൻ, കെ.പി.എ.സി.ലളിത, സീമ, ശ്രീവിദ്യ, ഉർവ്വശി, മീന അങ്ങിനെ നീണ്ടു പോകുന്നു ഈ താര നാമങ്ങൾ ....

**സിനിമാ തറവാട്ടിലെ ഉണ്ണി**

റസ്റ്റ്ഹൗസിൽ 40 വർഷമായി സേവനമനുഷ്ഠിക്കുന്ന ഉണ്ണി സിനിമാക്കാരുടെയടക്കം പ്രിയപ്പെട്ടവനാണ്. ഈ റസ്റ്റ്ഹൗസിനൊപ്പം പേര് ചേർത്ത് വെച്ച ഉണ്ണിയെ അറിയുന്നവർ സിനിമാ- രാഷ്ട്രീയ രംഗത്ത് പ്രമുഖരടക്കം നിരവധിയാണ്.

ലോഹിതദാസിന്റെ അകാലമരണത്തോടെ റസ്റ്റ് ഹൗസ് ബന്ധം സിനിമാലോകത്തിന് അന്യമായതായി ഉണ്ണി പറഞ്ഞു. പിന്നെ,നക്ഷത്ര ഹോട്ടലുകളിലേക്ക് താരങ്ങൾ ആകർഷിക്കപ്പെട്ടു. അതോടെ മലയാള സിനിമയുടെ ഈ തറവാട്ടിൽ താരമക്കൾ വരാതായി. പൊതുജനങ്ങൾക്കും റസ്റ്റ് ഹൗസ് താമസ സൗകര്യത്തിന് തുറന്ന് കൊടുത്തതോടെ താരത്തിളക്കമുള്ള ഷൊർണൂർ റസ്റ്റ് ഹൗസ് തേടി അനവധി പേർ എത്തുന്നു.

കവിത



രമൺ ഛായയിൽ

# താജ്മഹൽ

താജ്മഹൽ -വെണ്ണതോൽക്കു -
മുടലാർന്ന വിശ്വസുന്ദരി.
വെള്ളിമേഘങ്ങൾ മത്സരിക്കുന്നു
പ്രണയിനിയവളെ
ഒന്നു ചുംബിക്കുവാൻ.

മനസ്സിൻ യമുനാ തീരത്തണഞ്ഞ
ചാരുശില്പമവളെ
തഴുകി ഒഴുകുന്ന കാറ്റിനു- മുണ്ടൊരു പ്രണയക്കുളിർ !
തൊട്ടു ചിതറുന്ന സൂര്യ
കിരണങ്ങൾക്കുമുണ്ടൊ seരു
പ്രണയച്ചൂട് !
നീല നയന നിശാസുന്ദരി
അവൾ ശ്യാമ മേഘങ്ങളിൽ
ചെമ്പനീർപ്പൂവായ് വിടർന്ന
വെൺചന്ദ്രലേഖ പോലെ.

ചിലനേരം പ്രണയത്തിൻ
പ്രതിബിംബമായും
ചില നേരം പ്രണയ പരാജിത-
യായൊരു വെൺശിലപോലെയും

പ്രണയത്തിന്നർത്ഥമാകുന്നു
ചിലരിൽ,
പ്രണയത്താൽ തറ്റുപോയൊരു ദു:ഖചിഹ്നവുമാകുന്നു .
ചിരിച്ചു നിന്നീടുമൊരു ശോക  പുഷ്പത്തിൻ മനം
ധൂളിയാൽ മിന്നിമായുന്ന മൂക
രാഗഭാവവും.
പ്രണയ ഹൃദയരാരുമേ
ചെന്നിടായ്ക ആ ചപല പ്രണയ
കുടീരംതന്നിൽ.



ജി.എസ്. ഉണ്ണികൃഷ്ണൻ നായർ

# ഉർവ്വരതയുടെ വർണചിത്രങ്ങൾ; **മട്ടുപ്പാവിലും മനസ്സിലും**

ബാങ്കിലെ തിരക്കിട്ട ജോലിക്കിടയിലും കൃഷിയോടുള്ള പ്രതിപത്തി കെടാതെ സൂക്ഷിച്ച ഒരാൾ.റിട്ടയർമെന്റ് കഴിഞ്ഞാൽ ജീവിതത്തിൽ കൃഷിക്കു ഒന്നാമത്തെ പരിഗണനയെന്ന് അന്നേ തീരുമാനിച്ചതാണ്. തിരുവനന്തപുരം, പേട്ട കവറടിറോഡിലുള്ള റിട്ട: സീനിയർ ബാങ്ക്മാനേജർ കെ .രാജ്മോഹന്റെ മട്ടുപ്പാവിലും മനസ്സിലും പഴങ്ങളും പച്ചക്കറികളുമൊക്കെ ഉർവ്വരതയുടെ വർണചിത്രങ്ങൾ തീർക്കുകയാണിപ്പോൾ. ലോക്ക്ഡൌൺ കാലത്തും പഴങ്ങൾക്കും പച്ചക്കറികൾക്കും ഇവിടെ പഞ്ഞമില്ല, എല്ലാം ജൈവരീതിയിൽ വിളയിച്ചവയും.





1250 സ്ക്വയർ ഫീറ്റ് വിസ്തൃതിയുള്ള ടെറസിൽ ഇരുനൂറു ചാക്കുകളിലും ചട്ടികളിലും മറ്റുമായാണ് രാജ്മോഹന്റെയും ഭാര്യ ശോഭയുടെയും കൃഷി. രാജ്മോഹന്റെ കൃഷിരീതി ഏതു നാഗരികനും ആയാസരഹിതമായി അനുവർത്തിക്കാവുന്നതേയുള്ളൂ. ടെറസിൽ പ്ലാസ്റ്റിക് ഷീറ്റു വിരിച്ച് ത്രികോണാകൃതിയിലുള്ള മെറ്റൽസ്റ്റാൻഡ്, ഇഷ്ടിക എന്നിവ അതിൽ വച്ചശേഷമാണ് ചട്ടിയും മറ്റും മീതെ വയ്ക്കുന്നത്. വെള്ളം വാർന്നു വീണു ടെറസു തളം കെട്ടാതിരിക്കാൻ ഇതു സഹായിക്കും. പച്ചക്കറികളുടെയും പഴങ്ങളുടെയും വളർച്ചാസ്വഭാവമനുസരിച്ച് ഉൾഭാഗം കഴുകി ഉണക്കിയെടുത്ത പഴയ വളച്ചാക്ക്, ഡ്രം, ഗ്രോബാഗ്, ചട്ടി എന്നിവ ഉപയോഗിക്കുന്നു. കഠിനമായ വെയിലിനെ ചെറുക്കാൻ മുകളിൽ തണൽവല കെട്ടുന്നുണ്ട്.

വെണ്ട, വെള്ളരി, പടവലം, പാവൽ, കത്തിരി, ചീര, അമര,കോവൽ, ആഫ്രിക്കൻമല്ലി, മണത്തക്കാളി, പയർ, മത്തൻ,കുമ്പളം, മുളക് ,കാബേജ് ,ക്വാളിഫ്ളവർ, ബെർ ആപ്പിൾ (ഇലന്ത),മുന്തിരി, പാഷൻഫ്രൂട്ട്, നാരകം, പപ്പായ, വാഴ, മൾബെറി, സ്ട്രാബെറി,ചേന,ഇഞ്ചി,മഞ്ഞൾ,കസ്തൂരിമഞ്ഞൾ,കുറ്റിക്കുരുമുളക്,നിലക്കടല,ചോളം തുടങ്ങിയവയൊക്കെ രാജ്മോഹൻ മാറിമാറി കൃഷിചെ

യ്യുന്നുണ്ട് .ഇങ്ങനെ വ്യത്യസ്ത വിളകൾ വിളയിച്ചു കഴിക്കാനാവുന്നതിനാൽ ഒട്ടുമിക്ക പോഷകങ്ങളും കുടുംബാംഗങ്ങൾക്ക് കിട്ടുമെന്നു രാജ്മോഹൻ ചൂണ്ടിക്കാട്ടുന്നു .

വിശ്വസനീയമായ കേന്ദ്രങ്ങളിൽനിന്നും വാങ്ങുന്നതോ സ്വന്തമായുള്ളതോ കൃഷിക്കൂട്ടായ്മകളിലൂടെ ലഭിക്കുന്നതോ ആയ ഗുണമേന്മയുള്ള വിത്തും തൈയ്യും മാത്രമേ നടീലിന് ഉപയോഗിക്കുകയുള്ളൂ.ചട്ടികളിലും മറ്റും നിറയ്ക്കാനായി മണ്ണ് ഒരുക്കുമ്പോൾ നന്നായി വെയിൽ കൊള്ളിക്കുന്നതു നല്ലതാണെന്നാണ് ഈ 'ഹരിത പൗരന്റെ' അനുഭവം.ഇതിലൂടെ കീടങ്ങളെയും രോഗാണുക്കളെയും കുറെയൊക്കെ നശിപ്പിക്കാം.ഇങ്ങനെ വെയിലിൽ പരുവപ്പെടുത്തിയ മണ്ണിൽ കുറച്ചു കുമ്മായമോ ഡോളോമൈറ്റോ ചേർത്ത് രണ്ടാഴ്ച പ്ലാസ്റ്റിക് ഷീറ്റുകൊണ്ടു മൂടി വെക്കുന്നു. ഈ മണ്ണിനൊപ്പം ചാണകപ്പൊടി ,ചകിരിച്ചോറ് ,മണ്ണിരകമ്പോസ്റ്റ് എന്നിവ തുല്യഅളവിൽ കലർത്തിയശേഷം ചട്ടിയുടെയും മറ്റും





മുക്കാൽഭാഗത്തു നിറയ്ക്കും .

“അൽപ്പം എല്ലുപൊടി ,വേപ്പിൻപിണ്ണാക്ക് ,കടലപ്പിണ്ണാക്ക് എന്നിവ കൂടി പോട്ടിങ് മിശ്രിതത്തിൽ ചേർക്കുന്നതു വളർച്ചയ്ക്കും രോഗപ്രതിരോധത്തിനും നല്ലതാണെന്ന് നിരീക്ഷിച്ചിട്ടുണ്ട് .തൈകൾ നടുന്നതിന് മുൻപു കുഴിയിൽ ജീവാണുവളമായ VAM (Vesicular-arbuscular mycorrhiza) അൽപ്പം വിതറുന്നതു വേരുവഴിയുള്ള രോഗബാധ ചെറുക്കാനും പോഷകാഗിരണം മെച്ചപ്പെടുത്താനും സഹായകരമാണ്. മണ്ണ് കിട്ടാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ ചാണകപ്പൊടി, ചകിരിച്ചോറ്, പഴയ ന്യൂസ്പേപ്പർ ചുരുട്ടിയത് എന്നിവ ഗ്രോ

ബാഗിൽ അട്ടികളായി നിറച്ചു കൃഷിചെയ്യാവുന്നതേയുള്ളൂ.''രാജ്മോഹൻ പറഞ്ഞു.

നട്ടശേഷം;രണ്ടാഴ്ചയിലൊരിക്കൽ ചാണകപ്പൊടി, കമ്പോസ്റ്റ്, കടലപ്പിണ്ണാക്ക് എന്നിവ കുറേശ്ശേ ചുവട്ടിൽ ചേർക്കുന്നു. അടുക്കളവേസ്റ്റും പച്ചിലവേസ്റ്റുംമറ്റുമുപയോഗിച്ചു വീട്ടുവളപ്പിൽത്തന്നെ കമ്പോസ്റ്റ് ഉണ്ടാക്കുന്നുണ്ട്.

"രണ്ടാഴ്ചയിലൊരിക്കൽ ജൈവകീടനാശിനി തളിക്കുന്നത് കീടങ്ങളെ പ്രതിരോധിക്കാൻ ഉതകും. കീടങ്ങളെ അകറ്റാൻ പുകകയറ്റുന്നതു ഫലപ്രദമാണ് .കൂടാതെ ജൈവകുമിൾനാശിനിയായ സ്യൂഡോമോണസും, ജൈവകീടനാശിനികളായ ബെവേറിയാ,വെർട്ടിസീലിയം എന്നിവയും പ്രയോഗിക്കാം. ഇലയുടെ അടിയിൽ പറ്റിപ്പിടിച്ചിരിക്കുന്ന ശൽക്ക കീടങ്ങളെ വേപ്പെണ്ണഎമൽഷൻ ബ്രഷിൽ മുക്കിയതുപയോഗിച്ചു തേച്ചു നശിപ്പിക്കാവുന്നതേയുള്ളൂ .കാന്താരി വെളുത്തുള്ളി മിശ്രിതം, കഞ്ഞിവെള്ളം,ചാരം എന്നിവയും കീടനിയന്ത്രണത്തിനുപയോഗിക്കാം .''രാജ്മോഹൻ വിശദമാക്കി.

ചുവട്ടിൽ പഴയ ന്യൂസ്പേപ്പർ, കരിയില തുടങ്ങിയവ ഉപയോഗിച്ച് പുതയിടുന്നതു വേനലിൽ ഈർപ്പനഷ്ടം കുറയ്ക്കും .വേനലിന്റെ കാഠിന്യമനുസരിച്ചു ദിവസവും ഒന്ന് മുതൽ മൂന്നു തവണവരെ നനയ്ക്കേണ്ടതുണ്ട്. വാർന്നു തളംകെട്ടുംവിധം വെള്ളം അധികമായി ഒഴിക്കരുത്,പകരം പല തവണയായി നൽകുക. തുള്ളിനനയും അനുവർത്തിക്കാം .

വെള്ളരി പോലുള്ളവയ്ക്കു പടരാൻ ഉണക്ക ഓലയും കരിയിലയും ഉണക്ക മരച്ചില്ലയും ടെറസിൽ നിരത്തുന്നുണ്ട് . കോവിലിനുംമറ്റും നെറ്റുപയോഗിച്ചു പന്തലിടുകയും,കുമ്പളവുംമറ്റും ഭാരംകൊണ്ടു താഴെ വീഴാതിരിക്കാൻ പ്ലാസ്റ്റിക്ബാസ്കറ്റു കെട്ടിതൂക്കി അതിനുള്ളിലാക്കുകയും ചെയ്യുന്നു . വീട്ടാവശ്യത്തിനുള്ളതിലേറെ പച്ചക്കറി വിളയിക്കാനാവുന്നുണ്ട്,കൂടാതെ രുചിഭേദമുള്ള പലയിനം പഴങ്ങളും .

മട്ടുപ്പാവിലെ കൃഷിക്കൊപ്പം വേറിട്ട ഒരു ഹോബിയും രാജ്മോഹനുണ്ട്.സ്വന്തം മട്ടുപ്പാവിൽ വിളവെടുത്ത ഉത്പ്പന്നങ്ങൾ പക്ഷികളുടെയും മൃഗങ്ങളുടെയുംമറ്റും ആകൃതിയിൽ സജ്ജീകരിച്ച് കലാസൃഷ്ടികൾഉണ്ടാക്കുന്നു .ഇവയുടെ ഫോട്ടോ സാമൂഹ്യമാധ്യമങ്ങളിലൂടെ സുഹൃത്തുക്കൾക്ക് അയയ്ക്കുന്നു. അധികമാരും പരീക്ഷിക്കാത്ത ഒന്നാണ് ഈ "വെജ്ജീ ആർട്ട് ', കാഴ്ചയ്ക്കു ഏറെ കൗതുകകരവും.

ടെറസു കൃഷി വിജയിക്കാൻ; വിളപരിക്രമം അനുവർത്തിക്കുക, വിളപരിചരണത്തിൽ ഉപേക്ഷ കാണിക്കാതിരിക്കുക, താൽപ്പര്യം കെടാതെ സൂക്ഷിക്കുക,കുടുംബാംഗങ്ങളെ പങ്കെടുപ്പിക്കുക,കൃഷിഗ്രൂപ്പുകളിൽ സജ്ജീവമാകുക എന്നീ കാര്യങ്ങൾ ഉറപ്പാക്കണമെന്നാണ് രാജ്മോഹന്റെ അനുഭവം.

'ഞാൻ റിട്ടയർമെന്റിനു ശേഷമാണ് കൃഷി തുടങ്ങിയത്, ഇപ്പോൾ 6-വർഷമാകുന്നു. മനസ്സിനും ശരീരത്തിനും ഏറെ സംതൃപ്തിയും സന്തോഷവും ആരോഗ്യവും തരുന്ന ഒരു അനുഭവമാണ് കൃഷി. കൃഷിയെ സ്നേഹിക്കുന്ന സമാനമനസ്കരുടെ സൗഹൃദവും വിലമതിക്കാനാവാത്തതാണ്. ഈ ഹരിതലോകം വീട്ടുകാർക്കൊക്കെ സന്തോഷകരമായ അനുഭവവും സമ്മാനിക്കുന്നുണ്ട് .എന്റെ കുഞ്ഞു ചെറുമകളായ അധികപോലും ഇതേറെ ആസ്വദിക്കുന്നു.'' രാജ്മോഹൻ പറഞ്ഞു. ലോകം പല ദശാസന്ധികളിലൂടെ കടന്നുപോകുന്ന ഇക്കാലത്തു ഈ അനുഭവം നമുക്കൊരു പാഠമാകണം.





**വണ്ടന്നൂർ സുരേഷ്**
സെക്ഷൻ ഓഫീസർ,
നിയമ വകുപ്പ്, സെക്രട്ടേറിയറ്റ്

# വിജയ ചന്ദ്രിക..?

ജീവിതം പൂജ്യത്തിൽ നിന്നുയരുന്ന ഗണിതങ്ങളാണ്. ചിഹ്നങ്ങൾ തെറ്റിയാൽ കണക്ക് പോലെ ജീവിതവും തെറ്റും.

മാറുന്ന മനസ്സിന്റെ കണ്ണാടി തിളക്കം ആണ് നയനങ്ങൾ. അവയിലൂടെ ഹൃദയ വായന നമുക്ക് സാധിക്കും.

സെക്കന്റിൽ നൂറ് കണക്കിന് ചിന്തകളും പേറിയാണ് ഓരോ മനുഷ്യരുടെയും സഞ്ചാരം. അവന്റെ ചിന്തകളെ പക്ഷേ നമുക്ക് അറിയുവാനോ സ്പർശിക്കുവാനോ പോലുമാകില്ല.

ചിന്തയും ചുമന്നു കൊണ്ട് ഓഫീസിലേക്കുള്ള യാത്രയിലാണ് വിജയ ചന്ദ്രിക.

അവളുടെ മനസ്സിന്റെ ഏതോ കോണിൽ അവളെ അലോസരപ്പെടുത്തുന്ന ഏതോ ഒരു വലിയ ഭീതി മുഖത്ത് നിഴലിക്കുന്നുണ്ട്.

പൊതുവേ ചാരിതാർത്ഥ്യത്തോടെ സർക്കാർ സർവ്വീസിൽ നിന്ന് പടിയിറങ്ങുവാൻ കഴിയുന്നവർ വിരളമാണ്. അങ്ങനെ ആരെങ്കിലുമുണ്ടാകുമോ എന്നു ചോദിച്ചാൽ ഒറ്റ ശ്വാസത്തിൽ ഉത്തരം പറയുക പ്രയാസമാണ്.

ചംചയടിച്ചും പരദൂഷണം പറഞ്ഞും മേലധികാരികളുടെ പ്രിയം പിടിച്ചുപറ്റാൻ ശ്രമിക്കുന്നവരാണ് പലരും. മറ്റ് ചിലരാണെങ്കിലോ പലപ്പോഴും ഉള്ളിലെ കോപവും താപവും മറച്ച് മേലധികാരികളുടെ വിവരക്കേടുകളുടെ ഉത്തരവ് നടപ്പിലാക്കാൻ നിയോഗിക്കപ്പെട്ട ഹതഭാഗ്യരാണ്. സർക്കാർ ഉദ്യോഗസ്ഥരുടെ സമ്മർദം പലപ്പോഴും പൊതുജനം അറിയാറില്ല.പൊലീസ് ഉദ്യോഗസ്ഥർ പോലും ജോലി സമ്മർദ്ദവും മേലധികാരികളുടെ പീഡനം കൊണ്ടും ആത്മഹത്യ ചെയ്യുന്ന നാടായി നമ്മുടെ കേരളം മാറിക്കഴിഞ്ഞു.

> ***വിജയചന്ദ്രികയുടെ ആ ധാരണ അബദ്ധ പഞ്ചാംഗമായിരുന്നു. ഭർതൃ പിതാവ് ലംബോധരനാണ് പഞ്ചായത്തിലെ ഭരണകക്ഷിയുടെ നേതാവ്. സ്ഥലത്തെ അനധികൃത ക്വാറി പ്രവർത്തനങ്ങളെക്കുറിച്ച് വലിയ തോതിൽ പത്ര-ചാനൽ മാധ്യമങ്ങളിൽ വാർത്തകൾ വന്നുകൊണ്ടിരുന്ന കാലം.***

അതിനിടയിലാണ് രാഷ്ട്രീയക്കാരും അവരുടെ സംഘടനകളുടെയും അതിരുകടന്ന ഇടപെടലുകൾ...

വിജയ ചന്ദ്രികയുടെ ഔദ്യോഗിക ജീവിതത്തിലൂടെ കുറച്ചു ദൂരം നമുക്ക് നടന്നു നോക്കാം.

പഞ്ചായത്ത് സെക്രട്ടറിയാണ് വിജയചന്ദ്രിക. സത്യസന്ധയായ ഉദ്യോഗസ്ഥ. അനീതിയുടെ പക്ഷത്ത് അവരുടെ നിഴൽ പോലും നാട്ടുകാർ ഒരിക്കലും ദർശിക്കാത്ത അപൂർവ്വ വ്യക്തിത്വം.

ഒട്ടേറെ ദേശങ്ങൾ ചുറ്റി ഒടുവിൽ സ്വന്തം നാട്ടിൽ വിജയ ചന്ദ്രികയ്ക്ക് പോസ്റ്റിങ്ങായി.അതവർക്ക് ഒരുപാട് സന്തോഷം തോന്നിച്ച കാര്യമാണ്. നാട്ടിലെ സ്വന്തം ജനങ്ങൾക്ക് എന്തെങ്കിലും നല്ലത് ചെയ്യാനുള്ള അവസരമായിട്ടാണ് അവർ അതിനെ കണ്ടത്.

പക്ഷേ വിജയചന്ദ്രികയുടെ ആ ധാരണ അബദ്ധ പഞ്ചാംഗമായിരുന്നു. ഭർതൃ പിതാവ് ലംബോധരനാണ് പഞ്ചായത്തിലെ ഭരണകക്ഷിയുടെ നേതാവ്. സ്ഥലത്തെ അനധികൃത ക്വാറി പ്രവർത്തനങ്ങളെക്കുറിച്ച് വലിയ തോതിൽ പത്ര-ചാനൽ മാധ്യമങ്ങളിൽ വാർത്തകൾ വന്നുകൊണ്ടിരുന്ന കാലം. ശക്തമായ പ്രതിഷേധ സമരങ്ങളുമായി നാട്ടുകാർ സമര രംഗത്തുണ്ട്. അതിനെ ചെറുത്തു കൊണ്ട് എതിർപക്ഷത്ത് ലംബോധരനും കൂട്ടരും. അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾക്കുള്ള പ്രവർത്തനാനുമതി ഉടൻ നിർത്തലാക്കുക എന്നുള്ളതാണ് പ്രതിഷേധക്കാരുടെ പ്രധാ

ന ആവശ്യങ്ങളിലൊന്ന്. പഞ്ചായത്തിന് മുൻപാകെയുള്ള പെർമിറ്റിനായി ക്യൂ നിൽക്കുന്ന ക്വാറി മാഫിയ നിലവിൽ നൽകിയ അപേക്ഷകൾ തള്ളിക്കളയണമെന്നും ആവശ്യപ്പെട്ട് കൊണ്ടാണ് നാട്ടുകാർ സമരമുഖത്തുള്ളത്. എന്നാൽ ഈ ആവശ്യങ്ങളെയും സമരങ്ങളെയും കണ്ടില്ലെന്ന് നടിച്ചും അവഗണിച്ചും അമ്മാച്ചൻ ലംബോധരൻ ക്വാറികളുടെ ലൈസൻസ് പുതുക്കി നൽകാൻ കമ്മിറ്റി കൂടി പാസ്സാക്കി പഞ്ചായത്ത് സെക്രട്ടറിയായ മരുമകൾ വിജയ ചന്ദ്രികയുടെ മേൽ സമ്മർദ്ദം ചെലുത്തി.

അവൾ അത് ഒപ്പിടില്ലെന്ന് പറഞ്ഞതോടെ ലംബോധരൻ വിരട്ടാൻ തുടങ്ങി. ആദ്യമൊന്നും ആ വിരട്ടലിൽ വിജയ ചന്ദ്രിക വിറച്ചില്ലെങ്കിലും കുടുംബ ജീവിതം താറുമാറാകുമെന്നായപ്പോൾ ഒപ്പിട്ടു. ഒന്നും സംഭവിക്കില്ലെന്നും താൻ എല്ലാം നോക്കിക്കൊള്ളാമെന്നും ലംബോധരൻ ഉറപ്പിച്ചു പറഞ്ഞു. മനസില്ലാ മനസ്സോടെയെങ്കിലും ഭർതൃ പിതാവിന് അനുകൂലമായി ജീവിതത്തിലാദ്യമായി വിജയചന്ദ്രിക അഴിമതിയുടെ പക്ഷം ചേർന്നു. അന്നു മുതൽ അവർ കടുത്ത മാനസിക സംഘർഷത്തിലാണ്. അവർക്ക് എന്തോ വലിയ അപരാധം താൻ ചെയ്തുവെന്ന തോന്നൽ അലട്ടാൻ തുടങ്ങി. പൊതുജന പ്രവർത്തനങ്ങളുമായി സജീവ രംഗത്തുള്ള വി.വി.വനജ വിവരാവകാശ പ്രകാരം കാര്യങ്ങളുടെ നിജസ്ഥിതി പുറം ലോകത്തെ അറിയിച്ചതോടെ കാര്യങ്ങൾ കൈവിട്ടു പോയി പ്രശ്നം കൂടുതൽ വഷളായി. ക്വാറികൾക്ക് ലൈസൻസ് പുതുക്കി നൽകിയ പഞ്ചായത്ത് സെക്രട്ടറിയെ നാട്ടുകാർ പഞ്ചായത്ത് വളഞ്ഞ് ഖൊരാവോ ചെയ്തു. സെക്രട്ടറിക്കെതിരെ നടപടിയാവശ്യപ്പെട്ട് കനത്ത പ്രതിഷേധം തുടങ്ങി. ഇതൊന്നുമറിയാതെ കൃഷിക്കാരനായ വിജയ ചന്ദ്രികയുടെ ഭർത്താവ് ജലധരൻ പാടത്ത് കഠിനാധ്വാനത്തിലാണ്. ഒരു ദിവസം മുഴുവൻ നാട്ടുകാർ സെക്രട്ടറിയുടെ കസേരയ്ക്ക് ചുറ്റും വളഞ്ഞിരുന്ന് വിജയചന്ദ്രികയെ ബന്ദിയാക്കി. ജലപാനത്തിനോ, ബാത്റൂമിൽ പോകാനോ സമ്മതിച്ചില്ല. ജീവിതത്തിൽ ആദ്യമായി നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി വിജയചന്ദ്രികയെ വല്ലാതെ വലച്ചു. രാവിലെ പത്ത് മണി മുതൽ തുടങ്ങിയ ബന്ദിയാക്കൽ രാത്രി എട്ട് മണി കഴിഞ്ഞും തീർന്നില്ല. മൂത്രശങ്ക കലശലായി ഒടുവിൽ പിടിച്ചു നിൽക്കാനാകാതെ വിജയചന്ദ്രികക്ക് ഒടുവിൽ അങ്ങനെ സംഭവിച്ചു. പരസ്യമായുള്ള വിജയ ചന്ദ്രികയുടെ മൂത്രശങ്ക തീർക്കൽ സമരക്കാർ കൂകിയും ആർപ്പു വിളിച്ചും നാറ്റിച്ചു. അത് അവർ ആഘോഷമാക്കി. നാട് മുഴുവൻ ആ കഥ കാട്ടുതീ പോലെ പടർന്നു. ഇത് വിജയ ചന്ദ്രികയുടെ അതുവരെയുള്ള എല്ലാ പ്രതിരോധത്തെയും അന്തസ്സിനെയും തകർത്തു കളഞ്ഞു. പൊലീസ് എത്തിയാണ് ഒരു വിധത്തിൽ ബന്ദിയാക്കപ്പെട്ട വിജയ ചന്ദ്രികയെ മോചിപ്പിച്ചത്.

> ***ജലപാനത്തിനോ, ബാത്റൂമിൽ പോകാനോ സമ്മതിച്ചില്ല. ജീവിതത്തിൽ ആദ്യമായി നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി വിജയചന്ദ്രികയെ വല്ലാതെ വലച്ചു. രാവിലെ പത്ത് മണി മുതൽ തുടങ്ങിയ ബന്ദിയാക്കൽ രാത്രി എട്ട് മണി കഴിഞ്ഞും തീർന്നില്ല***

രാത്രി വൈകി വീടണഞ്ഞ വിജയ ചന്ദ്രിക നമ്രശിരസ്കയും മൂകയുമായി കാണപ്പെട്ടു. ഭർത്താവ് ജലധരനൊപ്പം വീട്ടിലെത്തിയ വിജയ ചന്ദ്രിക മറ്റാരെയും നോക്കാതെ നേരെ അവളുടെ മുറിയിൽ കയറി വാതിലടച്ചു. കുറച്ചു നേരം കഴിഞ്ഞും അവൾ പുറത്തു വരാത്തതു കണ്ട് ജലധരൻ മുട്ടി വിളിച്ചു. അകത്ത് നിന്ന് മറുപടിയുണ്ടായില്ല. ജലധരൻ തുടരെ ആ വാതിലിൽ മുട്ടിക്കൊണ്ടേയിരുന്നു. പക്ഷേ,അയാളുടെ ശബ്ദം അവൾ കേട്ടതേയില്ല. ആ വാതിൽ ഒരിക്കലും തുറക്കപ്പെട്ടില്ല. ജലധരൻ വാതിൽ ചവുട്ടി തുറക്കുമ്പോൾ സീലിംഗ് ഫാനിൽ ആടി നിൽക്കുന്ന വിജയചന്ദ്രകയെയാണ് കണ്ടത്.

പിറ്റേന്ന് ഇൻക്വസ്റ്റ് കഴിഞ്ഞ് ശവമടക്ക് ഉച്ചയോടെ നടത്താൻ തീരുമാനിച്ചു. അവളുടെ ഭർതൃ പിതാവായ ലംബോധരനും പഞ്ചായത്ത് അംഗങ്ങളും ഒന്നും സംഭവിക്കാത്തവരെപ്പോലെ മരണാനന്തര ചടങ്ങുകൾക്ക് നേതൃത്വം നൽകി പുറത്ത് തിരക്കിലായിരുന്നു. ജലധരനും മക്കളും മാത്രമേ വിജയ ചന്ദ്രികയെക്കുറിച്ചോർത്ത് വിലപിച്ചുള്ളു.

ഇങ്ങനെ പ്രാകൃത സമരാഭാസങ്ങൾക്ക് വിധേയരായി എത്ര ഉദ്യോഗസ്ഥരാണ് നമുക്കിടയിൽ മൂത്രശങ്കയ്ക്കിടയാക്കപ്പെട്ട് അവഹേളിക്കപ്പെടുന്നത്...?എത്ര സ്ത്രീരത്നങ്ങളാണ് സമരങ്ങളിൽ തങ്ങളുടെ വ്യക്തിത്വം ചോദ്യം ചെയ്യപ്പെട്ട് കുരിശിലേറ്റപ്പെടുന്നത്..?

പോസ്റ്റ്മോർട്ടം കഴിഞ്ഞെത്തിയ വിജയ ചന്ദ്രികയുടെ ഭൗതിക ശരീരം ചിതയിലേക്കെടുക്കുന്ന തിരക്കാണ്. അപ്പോൾ പുറത്ത് അവരെ ഓഫീസിൽ തടഞ്ഞു വെച്ച് മൂത്രമൊഴിപ്പിച്ചവർ പരസ്പരം ആ കഥ പറഞ്ഞ് ഊറിയൂറി ചിരിക്കുന്നുണ്ടായിരുന്നു.



**ലാജി വിൽഫ്രഡ്**
അസിസ്റ്റന്റ് സെക്ഷൻ ഓഫിസർ
പൊതുഭരണ വകുപ്പ്.

# ഗേൾസ് ..... ഓഷൻ ...... ആൽക്കഹോൾ.....!

2022 ഫെബ്രുവരി 28-ാം തിയതി. ഗോവൻ പര്യടനത്തിന്റെ രണ്ടാം ദിനത്തിലേക്ക് ഞാൻ കണ്ണ് മിഴിച്ചു തുറന്നു. പുലർച്ചെ ഉണരുന്ന സ്വഭാവം ലിസിക്കും മക്കൾക്കും ഇല്ലാത്തതിനാൽ ഏഴര വരെ അവരെ ഉറങ്ങാൻ അനുവദിച്ച് ഞാൻ മുറി പൂട്ടി പുറത്തിറങ്ങി. കടുപ്പത്തിൽ ഒരു ചായ അതാണ് പരമമായ ലക്ഷ്യം. ആദ്യത്തെ 10 മിനിറ്റിനുള്ളിൽ തന്നെ ലക്ഷ്യം കണ്ടെത്തി. പുലർവേളയുടെ തണുപ്പിൽ ശരീരത്തിന്റെ അഗാധ തലങ്ങളിലേക്ക് ചായ ആഴ്ന്നിറങ്ങുന്നതിന്റെ സുഖം 'ഈറൻ ശബ്ദത്തിന്റെ ' ബാക്ക്ഗ്രൗണ്ടിൽ ഞാൻ അനുഭവിച്ചറിഞ്ഞു.

തിരികെ റൂമിലെത്തി. രാവിലെ പീനട്ട് ബട്ടറും ബ്രഡും കഴിച്ചു. കുളിച്ചു റെഡിയായി. തലേന്നത്തെ ക്ഷീണം എല്ലാം പമ്പ കടന്നു എല്ലാവരും ഉഷാറായി. കൃത്യസമയത്ത് തന്നെ കാറുമായി ഡ്രൈവർ പ്രകാശ് ഹാജരായി. രണ്ടാം ദിനം 'കണ്ടോളിം' ബീച്ചിൽ നിന്നുമാണ് ആരംഭിക്കുന്നത്. മണിക്കൂറിന് നൂറ് രൂപയ്ക്ക് വാടകയ്ക്ക് കിട്ടുന്ന ഫോൾഡ് ചെയ്യാവുന്ന ബെഡ് എടുത്തശേഷം ഞാൻ വിരിച്ചു കുത്തി നിർത്തിയ കുടയുടെ കീഴിൽ അമ്പത് രൂപയുടെ കൂളിംഗ് ഗ്ലാസ് വച്ച് സായിപ്പിന്റെ ഗമയിൽ കിടന്നു. മദാമ്മയുടെ ഗമയിൽ ലിസി. മക്കൾക്ക് ഇതൊന്നും വേണ്ട. കടലിലേക്ക് ചാടി ആഘോഷം തുടങ്ങിക്കഴിഞ്ഞു അവർ.

അടുത്തതായി നൂറ് രൂപയ്ക്കുള്ള മസാജ് പ്രയോഗത്തിന്റെ വരവാണ്. എക്സ്പയറി ഡേറ്റ് കഴിഞ്ഞ ഗോവൻ പെണ്ണുങ്ങൾ കാലുകളും കൈകളും പുറവും ഒക്കെ ഉഴിഞ്ഞു തരും. ഭാര്യ അടുത്തുള്ള ഒറ്റ കാരണത്താൽ വേണ്ടെന്നുവച്ചു. ഗോവയിലെ മികച്ച ബീച്ചുകളിൽ ഒന്നാണ് കണ്ടോളിം ബീച്ച്. പതിനൊന്ന് കഴിഞ്ഞ് വെയിൽ കഠിനമാകുന്നതിന് മുമ്പ് തന്നെ അഞ്ഞുറ്



രൂപ കൊടുത്ത് ഒരു വാട്ടർ ബൈക്കിംഗ് തരമാക്കി. തിരമാലകൾ കീറി മുറിച്ച് കടൽ പരപ്പിലൂടെ ഒരു റേസിംഗ്..... അപാരം ..... അനിർവ്വചനീയം.... ബനാന ബോട്ടിംഗ്, പാരാഗ്ലൈസിംഗ് എന്നിവയും ഇവിടെ ലഭ്യമാണ്. എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർക്ക് കാശ് കളയാൻ ഇനിയും മാർഗങ്ങളുണ്ട്. കാസിനോ ഉൾപ്പെടെ .... 'പണം പോയി പ്രതാപം വരട്ടെ ' ....!

കണ്ടോളിം ബീച്ചിൽ നിന്നും മടങ്ങി. അടുത്ത ബീച്ചിൽ വൈകിട്ട് പോകാം. ഇനി ചരിത്രത്തിലേക്കുള്ള പ്രയാണമാണ്. പോർച്ചുഗീസുകാർ പണികഴിപ്പിച്ച 'ഫോർട്ട് അഗൂഡ' യിലേക്കാണ് വണ്ടി ഓടുന്നത്. മക്കൾക്ക് മുമ്പിൽ അറിയാവുന്ന ചരിത്ര വിജ്ഞാനമൊക്കെ വിളമ്പി ഞാൻ കോട്ടകൊത്തളങ്ങളിലൂടെ ഗമയിൽ നടന്നു. എന്നെക്കൊണ്ട് കുൾഫി ഐസ് രണ്ടെണ്ണം വീതം വാങ്ങിപ്പിച്ചാണ് കുട്ടികൾ എന്നോടുള്ള ദേഷ്യം തീർത്തത്. യന്ത്രത്തിൽ അരിഞ്ഞു തള്ളിയെടുക്കുന്ന ഐസ് പരലുകളിലേക്ക് ഫ്രൂട്ട് നിറപ്പും മറ്റെന്തൊക്കെയോ സാധനങ്ങളും മിക്സ് ചെയ്തു തരുന്ന കുൾഫി കടുത്ത വെയിലിൽ ഒരു ആശ്വാസമായി എനിക്കും തോന്നി.

ഇനി ഉച്ച ഭക്ഷണം. ബട്ടർ നാൻ, പനീർ കടായി.... പിന്നെ ഫ്രൈഡ് റൈസും ചിക്കൻ കറിയും സാലഡും. എല്ലാം ഷെയർ ചെയ്ത് കഴിച്ചപ്പോൾ കിട്ടിയ സന്തോഷം 'കീശ കീറിയ സങ്കടത്തേക്കാൾ 'മുകളിലായിരുന്നു. അല്ലങ്കിൽ തന്നെ നേരത്തെ പറഞ്ഞപോലെ പണം പോയി പ്രതാപം വരട്ടെ....! അല്ലേ ഭായ് ...

സമയം ധാരാളമെടുത്ത് ആഹാരം കഴിച്ചതു കൊണ്ട് മണി മൂന്നരയായി. വെയിൽ ഒന്ന് കുറഞ്ഞു. വീണ്ടും അടുത്ത ബീച്ചിലേക്ക്. കോ കോ ബീച്ച്, കണ്ടോളിം ബീച്ച്, അൻജുനാ ബീച്ച്, കോൾവാ ബീച്ച് തുടങ്ങി മുപ്പതോളം ബീച്ചുകൾ ഗോവയിലുണ്ട്. ബീച്ച് മാത്രം കണ്ടാൽ ഗോവ തീരില്ല എന്നതിനാൽ നേരെ റൂമിലേക്ക് തിരിച്ചു. കാരണം, ഒന്ന് കുളിച്ച് ഫ്രഷായിട്ട് വേണം വൈകുന്നേരം അഞ്ചുമണിക്ക് ബുക്ക് ചെയ്തിട്ടുള്ള ക്രൂയിസ് ബോട്ടിലെ സവാരിക്ക് ഇറങ്ങാൻ.



റൂമിലെ ഇടവേള ആനന്ദകരമാക്കുവാൻ ടിവിയും കുറഞ്ഞ വിലയിൽ കിട്ടുന്ന കശുവണ്ടിയും ധാരാളമാണ്. ഗോവൻ ഫെനി പോലെ വിലക്കുറവിൽ സുലഭമാണ് ഫ്രൈ ചെയ്തതും റോസ്റ്റ് ചെയ്തതും ഒന്നും ചെയ്യാത്തതുമായ കശുവണ്ടി പരിപ്പുകൾ. ഞങ്ങൾ താമസി





ക്കുന്ന പനജിയിലെ ഹോട്ടലിന് അടുത്ത് തന്നെയാണ് ക്രൂയിസ് ഷിപ്പുകളുടെ ഫെറി. അതുകൊണ്ട് കാർ ഒഴിവാക്കി കാഴ്ചകൾ കണ്ടു നടന്നു. അഞ്ച് മണിക്ക് തന്നെ ക്രൂയിസിൽ കയറി മുകളിലെ ഓപ്പൺ ടെറസിൽ സ്ഥാനം പിടിച്ചു. മണ്ഡോവി നദിയിലൂടെ നദിയും കടലും ഒന്നാകുന്ന അഴിമുഖം വരെയാണ് രണ്ടുമണിക്കൂർ നീളുന്ന യാത്ര.

ക്രൂയിസ് ഷിപ്പ് സർവീസ് തുടങ്ങി. താഴത്തെ നിലയിലെ അടച്ചിട്ട എ.സി. മുറിയിലാണ് ശരിക്കും ആഘോഷമെന്ന് ഞങ്ങൾ അറിഞ്ഞില്ല. ബോട്ട് സ്റ്റാഫിന്റെ സ്വാഗതം കഴിഞ്ഞപാടെ പാട്ടും ഡാൻസും തുടങ്ങി. ശബ്ദം കേട്ടപാടെ ഞങ്ങൾ മുകളിൽ നിന്നും താഴെ എത്തി ഡാൻസിൽ പങ്കുചേർന്നു. ഹിന്ദി, തമിഴ്, തെലുങ്ക് ഗാനങ്ങൾക്കൊപ്പം എന്റെ വക നാടൻ 'കുതിരമൂട്ടിൽകളി'. അസ്തമയ സൂര്യന്റെ താഴെ മണ്ഡോവി നദിയുടെ ഓളപ്പരപ്പിൽ തട്ടുപൊളിപ്പൻ തമിഴ് ഗാനത്തിനൊപ്പം ക്രൂയിസ് ഷിപ്പിലെ യാതൊരു പരിചയവുമില്ലാത്ത അരപ്പാവാട സുന്ദരിമാർക്കൊപ്പം എല്ലാവരും നൃത്തം ചെയ്തു തകർക്കുന്നു. 'മൂഡ്' കിട്ടാനുള്ള 'സാധനം' ഷിപ്പിന്റെ പിൻവശത്ത് ലഭ്യമാണ്. ഒരു ബിയർ വാങ്ങി ലിസിക്ക് നേരെ നീട്ടിയെങ്കിലും പരമ ഭക്തയും പഞ്ചപാവവുമായ അവൾ പരിശുദ്ധാത്മാവിനെ ഓർത്ത് വേണ്ടെന്നു പറഞ്ഞു. കൈപിടിച്ച് നൃത്തം ചെയ്യാൻ കൂട്ടില്ലാതെ വിഷമിച്ച എന്റെ സങ്കടം കണ്ട് ഇളയ മകൾ റെയ്ന എന്റെ ഡപ്പാംകുത്തിൽ പങ്കാളിയായി. അഴിമുഖം എത്തിയതോടെ അസ്തമയ സൂര്യന്റെ അരുണാഭ കാണുവാൻ ഞങ്ങൾ വീണ്ടും മുകൾത്തട്ടിലേക്ക് കയറി. നദിയുടെ പശ്ചാത്തലത്തിൽ അനേകം ക്രൂയിസ് ഷിപ്പുകളും കൂറ്റൻ കാസിനോ ഷിപ്പുകളും ഒഴുകി നീങ്ങുന്നു. എല്ലായിടത്തും ആഘോഷം മാത്രം.

ചീട്ടുകളി ഉൾപ്പെടെ പലതരം ഗെയിമുകൾ ഒറ്റ പ്ലാറ്റ്ഫോമിൽ ഒരുക്കിയിരിക്കുന്ന ജലയാനമാണ് കാസിനോ ഷിപ്പ്. കാശു കൊടുത്ത് കയറിയാൽ പുലരും വരെ നമുക്ക് ഭക്ഷണം കഴിച്ച്, ഗെയിമുകളിൽ കാശ് കളഞ്ഞും മറ്റ് പലതും ചെയ്തും അർമ്മാദിക്കാം. ഒറ്റ കണ്ടീഷൻ മാത്രം. 'മൊട' കാണിക്കാൻ നിൽക്കരുത്. ഫാമിലി ഉള്ളതുകൊണ്ട് കാസിനോ മാത്രം ഞാൻ ഒഴിവാക്കി.



ഫാമിലി ഇല്ലാതെ വർഷങ്ങൾക്ക് മുമ്പ് സുഹൃത്തുക്കളുമായി വന്നപ്പോൾ കാർണിവലും രാത്രി ഭക്ഷണവും കഴിഞ്ഞശേഷം നൈറ്റ് പാർട്ടിക്ക് പോയത് ഞാൻ ഓർത്തു. ഫീസ് കൊടുക്കാതെ നൈറ്റ് മാർക്കറ്റിൽ പ്രവേശിക്കാം. വിശാലമായ പറങ്കിമാവിൻ തോട്ടമാണ് സ്ഥലം. ആഘോഷത്തിന്റെ അകമ്പടിയിൽ ബിസിനസ് എന്നതാണ് ഇതിന്റെ ഗുട്ടൻസ്. ചെറിയ കരകൗശല വസ്തുക്കൾ മുതൽ മാരകലഹരി വരെ എന്തും ലഭ്യമാണ്. പലസ്ഥലങ്ങളിലായി യൂറോപ്യൻ ശൈലിയിലുള്ള പാട്ടുകൾ സിത്താറിന്റെ അകമ്പടിയിൽ പളപളപ്പുള്ള വേഷവിധാ






നങ്ങളിൽ ഗായകരും ഗായികമാരും പാടുമ്പോൾ കെട്ടിപ്പുണർന്ന് നൃത്തം ചെയ്ത് പൂരകമാകുന്ന വിദേശികളും സ്വദേശികളും. ലഹരിയുടെ ചോദനയിൽ താളം വിടാതെ നിർത്താതെ നൃത്തം ചെയ്തിരുന്ന അല്പ വസ്ത്രധാരിയായ ഒരു മദാമ്മ ഞങ്ങളെ വല്ലാതെ ആകർഷിച്ചു. കൂട്ടത്തിൽ കയറി ഞങ്ങളും നൃത്തം ചെയ്തു. പൂരപ്പറമ്പിലെ പോലെ കറങ്ങി നടന്നു. ആരും ആരെയും മൈൻഡ് ചെയ്യാതെ അവരവരുടെ തിരക്കുകളിൽ മുഴുകി നടക്കുന്നതും; ഇരുളിന്റെ മറവിലെ സീൽക്കാരങ്ങളും; ഒറ്റയ്ക്ക് വന്നവർ ഒരുമിച്ച് പോകുന്നതും എല്ലാം ഈ രാത്രിയുടെ സവിശേഷതകളാണ്.

അർദ്ധരാത്രി ഒരു മണിയോടെയാണ് അന്ന് ഞങ്ങൾ റൂമിലേക്ക് മടങ്ങിയത്.

ഓക്കെ....! ഓർമ്മയിൽ നിന്നും മടങ്ങിവരാം. ക്രൂയിസ് ഷിപ്പിൽ നിന്നും ഏഴുമണിയോടെ ഇറങ്ങിയ ഞങ്ങൾ അത്താഴവും കഴിച്ച് റൂമിലേക്ക് നടന്നു നീങ്ങി. കുട്ടികൾ കാണാതെ ഞാൻ എനിക്ക് മാത്രമായുള്ള സാധനവും വാങ്ങിയിരുന്നു. അങ്ങനെ രണ്ടാം ദിനവും കഴിഞ്ഞു.

**മൂന്നാം ദിവസം**

ഇന്ന് മടക്കയാത്രയുടെ ദിവസമാണ്. രണ്ടുദിവസം ഗോവയെ കണ്ടെത്തൽ നടത്തിയ ഞാനും കുടുംബവും ഇന്നത്തെ ദിവസം പർച്ചേസ് നടത്തുവാനും വാസ്കോ തുറമുഖം കാണുവാനുമാണ് മാറ്റിവെച്ചത്. ഡ്രൈവർ പ്രകാശിന് അല്പം റിലാക്സേഷൻ നൽകി. പത്തരയ്ക്ക് വന്നാൽ മതിയെന്ന് പറഞ്ഞു. റൂം ചെക്ക് ഔട്ട് ചെയ്തു. രാത്രി പത്തരയ്ക്കാണ് ട്രെയിൻ. ലഗേജ് മുഴുവൻ വണ്ടിയിൽ കയറ്റി. ഇന്നത്തെ സന്ദർശനവും പർച്ചേസും കഴിഞ്ഞിട്ട് നേരെ റെയിൽവേ സ്റ്റേഷനിൽ ഇറങ്ങിയാൽ രണ്ട് ദിവസത്തെ ഹോട്ടൽ വാടകയിൽ മൂന്നുദിവസത്തെ ഗോവ ടൂർ ലഭിക്കും. എന്റെ മലയാളി ബുദ്ധിയിൽ സ്വയം അഭിമാനിച്ച് ഹോട്ടലിനോട് ടാറ്റ പറഞ്ഞ് കാറിൽ കയറി.

'വാസ്കോ' ഗോവയുടെ തീരനഗരമാണ്. പോകുന്ന വഴിയിൽ 'ബിറ്റ്സ് പിലാനി'യും ഗോവ എയർപോർട്ടും കണ്ടു. ഇന്ത്യൻ നേവിയുടെ ഉപയോഗം കഴിഞ്ഞ വിമാനങ്ങളും യുദ്ധോപകരണങ്ങളും പ്രദർശിപ്പിച്ചിരിക്കുന്ന നേവൽ മ്യൂസിയത്തിനു മുമ്പിൽ കാർ നിന്നു. ഹെലികോപ്റ്ററുകൾ ചെറുവിമാനങ്ങൾ തുടങ്ങി മിസൈൽ, ടോർപ്പിഡോ എന്നിങ്ങനെയുള്ള ആയുധങ്ങൾ വരെ കണ്ട് നമുക്ക് അഭിമാനം കൊള്ളാം. വിനോദവും വിജ്ഞാന



വും ഒരു വേദിയിൽ തളം തുള്ളി ക്കളിക്കുന്നു. തിരികെ മടങ്ങുന്ന വഴിയിൽ ഗോവൻ ഗ്രാമാന്തര ങ്ങളിലൂടെ വണ്ടിയോടിക്കുവാൻ ഞാൻ നിർദ്ദേശിച്ചു. വഴിയിലുട നീളം കൊങ്കിണി വല്യമ്മമാരും അരനിക്കർ പെണ്ണുങ്ങളും പോർ ച്ചുഗീസ്- ഇന്ത്യൻ സങ്കര സംസ കാരം വിളിച്ചോതി. ഒരു സാധാ രണ മാർക്കറ്റിൽ കയറി ചായയും പേരറിയാത്ത പലഹാരങ്ങളും തട്ടി വയറ്റിനകത്താക്കി. വെ യിൽ കനത്തതോടെ ഇന്നത്തെ ഹെവി ഫുഡിന് വേണ്ടി ഒരു വെജിറ്റേറിയൻ ഹോട്ടൽ തപ്പി നടന്നു. ഒടുവിൽ കണ്ടെത്തി. ഇന്നത്തെ വിഭവം നോർത്ത് ഇന്ത്യൻ 'താലിമീൽസ്' ആണ്. ചോറിനേക്കാൾ കൂടുതൽ കറി കൾ ലഭിക്കുന്ന ഒരു സംഭവം. ഗോവൻ രുചി ആസ്വദിച്ചു കഴി ച്ചു. ഡ്രൈവറെ ക്ഷണിച്ചിട്ടും കക്ഷി വന്നില്ല. മൂന്നുമണിയോടെ തിരികെ മഡ്ഗാവ് സ്റ്റേഷനിലേ ക്ക് യാത്ര തുടങ്ങി. പോകുന്ന വഴിയിൽ ഒരു അക്വേറിയം കൂ ടിയുണ്ട്. സമുദ്രാന്തർ കാഴ്ചക ളുടെ വിസ്മയലോകം. കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്ത മത്സ്യങ്ങൾ... ഇരുട്ട് നിറഞ്ഞ ഇടനാഴിയിലൂടെ വർണ്ണ വെളിച്ചത്തിന്റെ പശ്ചാ ത്തലത്തിൽ നടന്നു നീങ്ങിയത് വല്ലാത്ത അനുഭൂതിയായിരുന്നു. അവിടെയും ഗോവക്കാരുടെ മാർ ക്കറ്റിംഗ് തന്ത്രം പുറത്തുവന്നു. നമ്മൾ നേരെ ഇറങ്ങുന്നത് ഇമി റ്റേഷൻ ആഭരണങ്ങളുടെ ഹാളി ലേക്കാണ്. എന്റെ കൂടെയുള്ള ഭാര്യയെയും പെൺമക്കളെയും ഞാൻ വല്ലാതെ നിരാശപ്പെടുത്തി യില്ല. പോക്കറ്റ് കീറാതെ ചില സാധനങ്ങളൊക്കെ വാങ്ങി.

അക്വേറിയത്തിനു മുമ്പിലെ ഫോട്ടോയെടുക്കലും കഴിഞ്ഞ് ആവശ്യത്തിനു കശുവണ്ടിയും വാങ്ങി സംഭരിച്ച് ഏഴു മണിയോ ടെ മഡ്ഗാവ് സ്റ്റേഷനിൽ വന്നിറ ങ്ങി. എല്ലാംകൂടി കുത്തിക്കയറ്റി യത് കാരണം ട്രോളി ബാഗിന്റെ സിബ്ബ് പൊട്ടിയത് സേഫ്റ്റി പിൻ വച്ച് അഡ്ജസ്റ്റ് ചെയ്ത് അത്താഴ വും കഴിഞ്ഞ് നേത്രാവതി എക്സ് പ്രസ്സിന്റെ മടങ്ങിവരവും കാത്ത് ഞങ്ങളിരുന്നു. ജീവിതത്തിലെ മറക്കാനാവാത്ത മൂന്ന് ദിവസം നൽകിയ ഗോവയെന്ന മായിക ലോകത്തെ അല്പം ലഹരിയുടെ അകമ്പടിയിൽ നിർത്തിയേഷനാ യി ഞാൻ വീണ്ടും നോക്കി. പഴ്സ് തപ്പി ആകെയുള്ള ചെലവ് കണക്കാക്കി. നാലുപേർക്കും കൂ ടി പർച്ചേസ് ഉൾപ്പെടെ മുപ്പതിനാ യിരം രൂപ ആകെ ചെലവ്. നാളെ വൈകിട്ട് കരുനാഗപ്പള്ളിയിൽ ട്രെ യിൻ ഇറങ്ങിയാൽ മസാല ദോശ തിന്നാനുള്ള കാശ് കൂടി ബാക്കി യുണ്ട്. ട്രെയിൻ വന്നുനിന്നു. ഊ ളിയിട്ട് അകത്ത് കയറി. അഞ്ഞൂറ് വർഷം ഗോവൻ മണ്ണിൽ ഇഴുകി ജീവിച്ച പോർച്ചുഗീസുകാരോട് ഭാരതത്തിന്റെ വൈവിധ്യ സംസ് കാരത്തിന് അവർ നൽകിയ സം ഭാവനയ്ക്ക് മനസ്സാ നന്ദിയർപ്പിച്ച് ഉത്തമ കത്തോലിക്കക്കാരനായ ഞാൻ ട്രെയിൻ ബർത്തിലേക്ക് കയറി ഉറങ്ങാൻ കിടന്നു.



**MUHAMED ARSH A**
std 5, Son of Muhamed Aslam.A , ASO Transport Department





പുത്തരിക്കണ്ടം മൈതാനിയിൽ  സമാപിച്ച മത്സ്യോത്സവ് 2022 ന്റെ മികച്ച ഏജൻസി പവലിയനുള്ള ഒന്നാം സമ്മാനം ബഹു. ധനകാര്യവകുപ്പ് മന്ത്രി ശ്രീ കെ എൻ ബാലഗോപാലിൽ നിന്നും മത്സ്യഫെഡ് ജനറൽ മാനേജറും കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ പ്രസിഡന്റുമായശ്രീ. ഇർഷാദ് എം എസ് ഏറ്റുവാങ്ങുന്നു

## അഭിനന്ദനങ്ങൾ




ഗുരുവായൂർ ക്ഷേത്രനടയിൽ  ഡിസംബറിൽ നടന്നചെമ്പൈ സംഗീതോത്സവത്തിൽ സമഷ്ടി പത്രാധിപ സമിതി അംഗം അനിൽ കുമാർവി.യുടെ പുത്രൻ ഗൗതം കൃഷ്ണ കച്ചേരി അവതരപ്പിക്കുന്നു.




നവംബർ 6 മുതൽ 18 വരെ ഈജിപ്തിലെ ഷർമ് എൽ ഷെയ്ഖിൽ വച്ച് നടക്കുന്ന ഐക്യരാഷ്ട്ര സഭയുടെ അന്താരാഷ്ട്ര കാലാവസ്ഥ വ്യതിയാന കോൺഫറൻസിൽ ഇന്ത്യയിൽ നിന്നുള്ള Climate Champion ആയി പങ്കെടുത്ത തിരുവനന്തപുരം സ്വദേശിയായ സുഹാന ആർ.എച്ച്. (കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ നിർവാഹക സമിതി അംഗമായ ഹക്കിംജിയുടെ മകളാണ് ) .

# സാന്ത്വന സ്പർശന





Kerala സെക്രട്ടേറിയറ്റ് അസോസിയേഷന്റെ വനിതാ വിഭാഗമായ വനിതാവേദി രണ്ട് പതിറ്റാണ്ടായി RCC യിലെ നിർദ്ധനരായ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നതിനുള്ള ധനം സമാഹരിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ വർഷവും 'രുചി ഫെസ്റ്റ് 'എന്ന പേരിൽ ഭക്ഷ്യ മേള നടത്താറുണ്ട്. ഈ വർഷത്തെ രുചി ഫെസ്റ്റ് 2022 ഡിസംബർ 2 ന് അധ്യാപക ഭവനിൽ വെച്ച് നടത്തുകയുണ്ടായി. മേള ഉത്ഘാടനം ചെയ്തത് നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളുമായി അക്ഷീണം പ്രയത്നിക്കുന്ന നവോത്ഥൻ ചാരിറ്റബിൾ foundation ന്റെ പ്രസിഡന്റും മുൻ മുഖ്യമന്ത്രിയും മുൻ കേന്ദ്ര ആഭ്യന്തര മന്ത്രിയും കോൺഗ്രസ് working കമ്മിറ്റി അംഗവുമൊക്കെയായ ശ്രീ. A. K. ആന്റണി യുടെ സഹധർമ്മിണിയായ smt. Adv. എലിസബത് ആന്റണി യാണ്. കൂടാതെ സിനി ആർട്ടിസ്റ്റും അവതാരകനും, ഗുരു ഗോപിനാഥ് നടനഗ്രാമം നിർവ്വാഹക സമിതി അംഗവുമായ കലാകാരൻ ശ്രീ. കിഷോർ. N. K., സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലെ യുവ സാന്നിധ്യമായി മാറിയ യൂത്ത് കോൺഗ്രസ്സ് സംസ്ഥാന സെക്രട്ടറി smt. വീണ S. നായർ എന്നിവരും രുചി ഫെസ്റ്റിൽ അതിഥികളായിരുന്നു.

സെക്രട്ടേറിയറ്റ് ജീവനക്കാർ തയ്യാറാക്കിയ മലബാർ വിഭവങ്ങൾ, സ്നാക്ക്സ് കോർണർ, ബിരിയാണി കോർണർ, കപ്പ & മീൻകറി, തേൻ, വൈൻ, അച്ചാർ, കേക്ക്, വിവിധ തരം പായസങ്ങൾ, ഐസ് ക്രീം തുടങ്ങി എല്ലാത്തരം ഭക്ഷ്യ വിഭവങ്ങളും ഒരുക്കിയ രുചി ഫെസ്റ്റിന് കക്ഷി രാഷ്ട്രീയ ഭേതമന്യേ വലിയ സ്വീകാര്യതയാണ് ജീവനക്കാർക്കിടയിലുണ്ടായത്.

ചിലവ് തീരെ വാങ്ങാതെയും ലാഭമൊന്നും പ്രതീക്ഷിക്കാതെയും പലരും രുചി ഫെസ്റ്റിൽ വിഭവങ്ങൾ ഒരുക്കി വിതരണം

# മായി രുചി ഫെസ്റ്റ്














ചെയ്യുകയും തുക ധന സമാഹാരണത്തിലേക്കു മുതൽ കൂട്ടുകയും ചെയ്തു. ചില വ്യക്തികൾ അവരുടെ വിഭവങ്ങൾ തയ്യാറാക്കുന്നതിനുള്ള സാധനങ്ങളുടെ വില മാത്രം സ്വീകരിച്ചു കൊണ്ട് അവരുടെ പ്രയത്ന ചിലവും ലാഭവും മുഴുവനായും സംഭാവന ചെയ്തു. കൂടാതെ പല ജീവനക്കാരും അവരാൽ കഴിയുന്ന സംഭാവനകൾ നൽകുകയും ചെയ്തു.

വൻ വിജയമായി തീർന്ന രുചി ഫെസ്റ്റ് സെക്രട്ടേറിയറ്റിലെ വനിതാ ഉദ്യോഗസ്ഥ കൂട്ടായ്മയുടെ സംഘടനാ മികവിന്റെയും, സാമൂഹിക സേവന തല്പരതയുടെയും ഉത്തമ പ്രതിഫലനമാണ് വെളിപ്പെടുത്തിയത്.












കേരള സെക്രട്ടേറിയറ്റ് അസോസിയേഷന്റെ കലാ സാംസ്കാരിക വിഭാഗമായ സരസ്, ജീവനക്കാർക്കായി സംഘടിപ്പിച്ച ആലപ്പുഴ ഹൗസ് ബോട്ട് ഉല്ലാസ യാത്രയിൽ നിന്നും ....









***സരസ്, ജീവനക്കാർക്കായി സംഘടിപ്പിച്ച ഗോളടിക്കൂ ...... കോളടിക്കൂ ......ഷൂട്ട് ഔട്ട് മത്സരം സെൻട്രൽ സ്റ്റേഡിയത്തിൽ ....***

---













***അക്സസ് കൺട്രോൾ സിസ്റ്റം നടപ്പാക്കുന്നതിനെതിരായി കേരള സെക്രട്ടേറിയറ്റ് അസോസിയേഷൻ സംഘടിപ്പിച്ച പ്രതിഷേധ കാൻവാസ്***

# OUR SPECIALTY AND SUPER SPECIALTY SERVICES

| SPECIALTY SERVICES | SUPER SPECIALTY |
|---|---|
| Anesthesiology | Clinical cardiology |
| Dentistry | Interventional cardiology |
| Dermatology and cosmetology | Cardio thoracic and-vascular surgery |
| ENT with audiology | Neuro medicine |
| General medicine | Neuro surgery |
| General surgery | Endocrinology |
| Obstetrics and gynecology | Emergency medicine |
| Ophthalmology | Medical gastroenterology |
| Orthopedics | Surgical gastroenterology |
| Pediatrics and neonatology | Plastic reconstructive and-micro vascular surgery |
| Physiotherapy | Urology |
| Psychiatry | Transplant surgery |
| Pulmonary medicine | Nephrology |
| Radio diagnosis | Oncology |
| Psychology | |

# TRAVANCORE MEDICITY MOBILE APP

TRAVANCORE MEDICAL COLLEGE HOSPITAL

| Consultation History | Investigation Reports | Appointment History | Your Prescriptions
| Immunization History | Personalized Offers / Schemes | Emergency Services

## GET APPOINTMENTS HASSLE FREE

## DOWNLOAD NOW

GET IT ON Google Play

ടെലിമെഡിസിൻ
+91 9446507441

പിക്ക് & ഡ്രോപ്പ് സർവീസ്
+91 9446507441

ഡോക്ടർ@ഹോം
+91 9446507441

ഫാർമസി ഹോം ഡെലിവറി
+91 9495886666

With You Through **Thick** & Thin




*A better life starts here.*

N H BYPASS, MYLAPORE, THATTAMALA PO, KOLLAM, KERALA, INDIA - 691020
0474-2729393, 0474-2726161 | tmc@tmc.ac.in | www.travancoremedicity.com

Travancore™ Medicity




K-RERA-PRJ-240-2020

• 30 unmatched amenities • Floors: G + 14 Units: 2 BHK, 2 + study & 3 BHK • Close to Technopark & Technocity • The advantage of luxury, serenity & connectivity • Swimming pool with wading pool • Children Play Area • Multipurpose Hall / Association Room • Table tennis • Billiards / Snooker • Day care with Virtual Parenting • Health Club • Yoga & Meditation Centre • Open deck party area at terrace level • AV room • Basket ball half court • Amphitheatre • Elders nook • Sculpture court • Piped music • Intercom facility • Car wash bay • Drivers Dormitory • Visitors Parking • Library and reading room

COMPLETED 26 YEARS OF EXCELLENCE

**OUR PROJECTS**

| | | | | |
|---|---|---|---|---|
| HEATHER THE CORNICHE OPULENCE. UNLIMITED. | HEATHER GRANDIOSE | HEATHER Eminent | HEATHER Greenage LIMITED EDITION - Boutique Homes | HEATHER entice BEYOND THE ORDINARY |
| SASTHAMANGALAM | KUMARAPURAM | JAWAHAR NAGAR | GOLF LINKS, KAWDIAR | PETTAH |
| K-RERA-PRJ-314-2020 | K-RERA-PRJ-204-2020 | K-RERA-PRJ-313-2020 | K-RERA-PRJ-051-2021 | K-RERA-PRJ-036-2022 |

**85 90 800 400**

**Heather Homes Pvt. Ltd.**, TC 12/762, Near Govt. Law College, Barton Hill, Trivandrum - 695035 | E: sales@heatherhomes.in


Pavithra
Vivaha
BRIDAL COLLECTION
BHIMA
JEWELLERS
GOLD • DIAMONDS • SILVER • PLATINUM
INDIA UAE
MG ROAD, TRIVANDRUM
8547772777
For online shopping visit www.bhimajewellery.com /bhimajewellery
ATTINGAL • POTHENCODE • ADOOR • PATHANAMTHITTA • KASARAGOD • MARTHANDAM • NAGERCOIL • MADURAI • SALEM • TIRUNELVELI